

# കുടക്കച്ചിറ അന്തോണി കത്തനാർ

എൻ. കെ. ജോസ്

ܣܗܕܐ ܕܠܐ ܕܡܐ

# രക്തം ചിന്താത്ത സഹദാ



ܡܪܝ ܟܘܕܘܟܫܝܪܐ ܐܢܛܘܢܝ ܩܫܝܫܐ

## Kudukkachira Mar Anthony Kathanar

+ 1857 July 22

www.malankaralibrary.com

# ܓܒܪܐ ܚܝܠܐ ܝܕܝܥܐ

# വിശ്രുതനായ ശക്തിയുടെ പോരാളി



## ܡܪܝ ܟܘܕܟܟܝܪܐ ܐܢܛܘܢܝ ܩܫܝܫܐ

## കുടക്കച്ചിറ മാർ അന്തോണി കത്തനാർ

+ 1857 July 22

www.malankaralibrary.com

# കുടക്കച്ചിറ അന്തോണിക്കത്തനാർ

കേരളത്തിലെ ക്രൈസ്തവ സമുദായം കണ്ടിട്ടുള്ള അപൂർവ്വം ചില പ്രതിഭാശാലികളിൽ ഒരാളാണ് കഴിഞ്ഞ നൂററാണ്ടിന്റെ പ്രഥമാദ്ധത്തിൽ ജീവിച്ചിരുന്ന കുടക്കച്ചിറ അന്തോണിക്കത്തനാർ. പാശ്ചാത്യമേധാവിത്വത്തിൽ നിന്നും കേരളസഭയെ മോചിപ്പിക്കുവാനുള്ള പരിശ്രമത്തിൽ ആ ധീരദേശാഭിമാനി രക്തസാക്ഷിയായി. 1856–ൽ ബാഗ്ദാദിൽ വച്ചുനടന്ന ആ മഹത് സംഭവത്തിന്റെ നൂററിയിരുപത്തിയഞ്ചാം വാർഷികം 1981–ൽ കേരളസഭ ആകമാനം ആചരിക്കേണ്ടതാണ്. എന്നാൽ അദ്ദേഹത്തിന്റെ പാവനമായ നാമധേയം തന്നെ കേട്ടിട്ടുള്ള കേരളകത്തോലിക്കർ ഇന്നത്തെ തലമുറയിൽ അപൂർവ്വമാണ്.

അന്തരിച്ച മഹാന്മാരെ അനുസ്മരിക്കുന്നതിൽ കേരളക്രൈസ്തവർ എന്നും പിന്നിലാണ് എന്നു മാത്രമേ അതിനർത്ഥമുള്ളു. അവരുടെ ജീവിതകാലം മുഴുവൻ സഹിച്ച ത്യാഗത്തിന്റെയും അർപ്പിച്ച സേവനങ്ങളുടെയും ഫലങ്ങളെ ഇന്ന് ആസ്വദിക്കുന്നവർപോലും അവരുടെ വ്യക്തിത്വത്തിന്റെ വൈശിഷ്ട്യങ്ങളെ അറിയുവാനും അംഗീകരിക്കുവാനും അനുകരിക്കുവാനും അനന്തരതലമുറയ്ക്ക് അവ പകർന്നുകൊടുക്കുവാനും മടികാണിക്കുന്നു. ആ കൃതഘ്നതയാണ് ഇന്നത്തെ കേരളക്രൈസ്തവരുടെ മുഖമുദ്ര. സ്വന്തം ജീവിതകാലത്തു് തനിക്കുതന്നെ സ്മാരകങ്ങൾ പണിയുന്നതിൽ താല്പര്യം കാണിക്കുന്ന നേതാക്കന്മാരാണ് നമുക്കിന്നുള്ളതു്. അവർ ഇന്നലയെപ്പററി അന്വേഷിക്കാറേയില്ല. കേരളത്തിൽ സഭയും സമുദായവും വളർന്ന് ഇന്നത്തെനിലയിലെത്തിയതിന്റെ പിന്നിലെ ത്യാഗത്തിന്റെയും സേവനത്തിന്റെയും കഥയറിയാത്തവർ ഇന്ന് സമുദായത്തെ നയിക്കുവാൻ തുടങ്ങിയപ്പോഴാണ് ത്യാഗങ്ങളും സേവനങ്ങളും പഴയകാല ചരിത്രത്തിന്റെ ഏടുകളിൽ മാത്രമായി സ്ഥലം പിടിച്ചതു്.

www.malankaralibrary.com

1599-ൽ ഉദയംപേരൂർ സൂനഹദോസ്സിൽ വച്ച് കേരള ക്രൈസ്തവർക്കു നഷ്ടപ്പെട്ട സ്വയംഭരണം തിരികെലഭിക്കുവാൻവേണ്ടിയുള്ള ശ്രമം അന്നുമുതൽതന്നെ ആരംഭിച്ചു. 1924-ൽ അതിന്റെ യൂറോപ്യൻ പതിപ്പ് തിരികെ ലഭിക്കുന്നതുവരെ അതു തുടന്നുപോന്നു. നൂററാണ്ടുകൾ പിന്നിട്ട പ്രസ്തുത പ്രവർത്തനം ശക്തമായതു് 19-ാം നൂററാണ്ടിലാണ്. നിധീരിക്കൽ മാണിക്കത്തനാരും മാളൂർയിസ് പഴേപറമ്പിലും മററും ആ നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിൽ സമരാങ്കണത്തിൽ ഇറങ്ങിയവരാണെങ്കിൽ കുടക്കച്ചിറ അന്തോണിക്കത്തനാരും തൊണ്ടനാട്ട അന്തോണിക്കത്തനാരും പാറായിൽ അവിരാത്തകരനും കള്ളിയാത്തു് ചാക്കോയും മററും അവരുടെ മുന്നോടികളായി പ്രസ്തുത നൂററാണ്ടിന്റെ പൂർവ്വാർദ്ധത്തിൽതന്നെ രണഭൂമിയിൽ വന്നവരാണ്. ഇന്ന് നിധീരിയേയും പഴേപറമ്പിലിനേയും മററും അറിയുന്നവർപോലും കുടക്കച്ചിറയെ വിസ്മരിക്കുന്നു. ചരിത്രം വിജയികളുടെ അട്ടഹാസത്തിന്റെ റിക്കാർഡുകളാണല്ലോ. വഞ്ചനയുടെയും ചതിവിന്റെയും ഫലമായി നേടിയ വിജയമാണോ എന്നു പോലും അന്വേഷിക്കാറില്ല. പരാജിതരുടെ പരിദേവനത്തിനുവേണ്ടി നഷ്ടപ്പെടുത്തുവാൻ അതിനു് പേജുകളില്ല സമരത്തിൽ ജയിച്ചുവരുന്ന പടയാളി പറഞ്ഞുകൊടുക്കുന്ന കഥകളെ രേഖപ്പെടുത്തുകമാത്രമാണ് ചരിത്രകാരന്മാർ ചെയ്യുന്നതു്. സത്യവുമായി അതിനു് പുലബന്ധംപോലുമുണ്ടായിരിക്കണമെന്നില്ല. വിജയിച്ച സമരത്തിന്റെ രണാങ്കണത്തിൽ വച്ചു ജീവൻ നഷ്ടപ്പെട്ട സേനാനിയായിരുന്നു കുടക്കച്ചിറ. ആ സേനാനിയുടെ വീരചരിത്രമോതുവാൻ ആരും ഉണ്ടായില്ല. അന്ന് അദ്ദേഹം ഉയർത്തിപ്പിടിച്ച ആദർശങ്ങൾ ഇന്നും ആദർശങ്ങളായി ഇന്നത്തെ തലമുറയ്ക്കു മാർഗ്ഗദീപങ്ങളായി നിലകൊള്ളുമ്പോൾ അന്ന് അദ്ദേഹത്തിന്റെ ആദർശങ്ങൾക്കു കാലുവാരിയവർ ചൂണ്ടിക്കാണിച്ച പാത അടുത്ത തലമുറതന്നെ കൈവെടിഞ്ഞു. നൂററാണ്ടുകളെ കവച്ചുവയ്ക്കുന്ന ദൂരവീക്ഷണശക്തിയും പ്രതിഭാ വിലാസവും അദ്ദേഹത്തിന്റെ കൈമുതലായിരുന്നു.

വിദേശാധിപത്യത്തിന്റെ നുകം വലിച്ചെറിയുവാൻ വേണ്ടി കൂനൻകുരിശു സത്യത്തിലൂടെ ഒരു വിഭാഗം മാറി പുത്തൻകൂററ് സമുദായക്കാർ എന്നപേരിൽ ഒരുവശത്തു ശക്തമായിത്തന്നെ നിലകൊണ്ടിട്ടും അസഹ്യമായ വിദേശാധിപത്യത്തിനെതിരായ തങ്ങളുടെ വികാരത്തെ ആ വഴിക്കു തിരിക്കാതെ തികഞ്ഞ ആത്മസംയമനം പാലിച്ചു സ്വാതന്ത്ര്യം വീണ്ടെടുക്കുവാൻ ശ്രമിച്ച പക്വമതികളാണ് കുടക്കച്ചിറ പ്രഭൃതികൾ. അന്ന് സമുദായത്തിന്റെ നേതൃസ്ഥാനം വഹിച്ചുകൊണ്ടു സ്വാതന്ത്ര്യസമരത്തിന് ഒരു പുതിയ ആശയവും ആവേശവും നൽകുവാനാണ് കുടക്കച്ചിറ അന്തോനിക്കത്തനാർ ശ്രമിച്ചതു്. അതിന്റെ ഫലമായി ഒന്നിനു പുറകെ ഒന്നെന്നനിലയിൽ അനേകം യാതനകൾ സഹിക്കേണ്ടിവന്നിട്ടും അവസാനം വരെ ധീരമായി പിടിച്ചു നില്ക്കുവാൻ അദ്ദേഹത്തിനു് കഴിഞ്ഞു എന്നു മാത്രവുമല്ല സമരത്തെ അങ്ങനെയുള്ള ഒരു പുതിയ വഴിത്താരയിലേക്കു നയിക്കുവാനും അദ്ദേഹത്തിനു സാധിച്ചു. പിന്നീട് നിധീരിക്കൽ മണിക്കത്തനാരും പഴേപറമ്പിൽ ളൂയിസച്ചനും മററും ആ പാതയിലൂടെയാണ് ചരിച്ചതു്.

സഭയ്ക്കും സമുദായത്തിനും വേണ്ടി പലരും ആത്മാഹുതി ചെയ്തു എന്നു ഭംഗിവാക്കു പറയാറുണ്ടെങ്കിലും അക്ഷരാർത്ഥത്തിൽ അപ്രകാരം പ്രവർത്തിച്ച ദേഹമാണ് കുടക്കച്ചിറ അന്തോനിക്കത്തനാർ. സ്വന്തക്കാരിൽനിന്നും ബന്ധുക്കളിൽനിന്നും അകന്ന് കേരളത്തിന് പുറത്തു് മാസങ്ങൾ തന്നെ വഴിയകലമുള്ള ബാഗ്ദാദിൽവച്ച് അദ്ദേഹം ദിവംഗതനായതു് സഭയുടെ വിദേശാധിപത്യചങ്ങല പൊട്ടിച്ചെറിയുവാനുള്ള പരിശ്രമത്തിനിടയിലായിരുന്നു. അദ്ദേഹത്തിനു് സംഭവിച്ച അകാലനിര്യാണം അപ്രതീക്ഷിതമല്ലായിരുന്നു. ബോംബെവഴി ബാഗ്ദാദിലേയ്ക്കു പുറപ്പെട്ട അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള സംഘത്തിലെ സഹപ്രവർത്തകരിൽ പലരും ബോംബെയിൽവച്ചു രോഗം പിടിപെട്ടു നിര്യാതരായി. ശേഷിച്ചവർ ആ ഭീതിയിൽ അദ്ദേഹത്തോടു യാത്രപറഞ്ഞുപോയി. അന്ന് അദ്ദേഹം മരണത്തെ പേടി

www.malankaralibrary.com

ച്ച് ആ ഉദ്യമം ഉപേക്ഷിക്കാതെ പുതിയ സഹപ്രവർത്തകരെ കണ്ടുപിടിച്ച് അവരെചേർത്ത് ലക്ഷ്യത്തിലേയ്ക്കുള്ള തന്റെ പ്രയാണം, തുടരുകയാണ് ചെയ്തത്. രോഗവും മരണവും അദ്ദേഹത്തെ കർമ്മവിമുഖനാക്കിയില്ല. എന്നാൽ മോശയെപ്പോലെ അല്ലെങ്കിൽ കരിയാററിൽ മാർ യൗസേഫ് മെത്രാപ്പോലീത്തയെപ്പോലെ വാഗ്ദത്ത ഭൂമി ദൂരെനിന്നു ദർശിക്കുവാനുള്ള ഭാഗ്യമേ അദ്ദേഹത്തിന് ലഭിച്ചുള്ളൂ. ബാഗ്ദാദിൽ വച്ച് അദ്ദേഹം അതേ രോഗം പിടിപെട്ടു നിര്യാതനായി.

ഇന്ന് കേരളസഭയ്ക്ക് ഒരു പാത്രിയാർക്കീസ്സിനെ ആവശ്യപ്പെടുവാൻ തക്കവിധത്തിൽ വളരുവാനും വ്യക്തിത്വം കൈവരിക്കുവാനും കഴിഞ്ഞിട്ടുണ്ട്. അതിന് പശ്ചാത്തലം ഒരുക്കിയവർ അനേകമാണ്. അവരുടെ ചെറുത്തുനില്പാണ് ഈ സഭയെ പാശ്ചാത്യസഭയുടെ ഒരു ഭാഗമാക്കി മാററുവാനുള്ള പരിശ്രമത്തെ പരാജയപ്പെടുത്തിയത്. അന്ന് പാശ്ചാത്യ സഭയുടേയും അവരുടെ കേരളത്തിലെ കുഴലൂത്തുകാരുടേയും ദൃഷ്ടിയിൽ സഭാവിരുദ്ധരും വിപ്ലവകാരികളുമായിരുന്ന ഇവരുടെ പ്രവർത്തനമില്ലായിരുന്നുവെങ്കിൽ കേരളത്തിൽ ഇന്ന് സീറോമലബാർസഭയോ സുറിയാനി കത്തോലിക്കരെന്ന പ്രത്യേക വിഭാഗമോ കാണുമായിരുന്നില്ല. ആഗോള കത്തോലിക്കാ സഭയുടെ കിരീടത്തിൽ ഇന്നുള്ള കേരളസഭ എന്ന പൗരസ്ത്യരത്നവും കാണുകയില്ലായിരുന്നു. അതിനു വേണ്ടി ജീവാർപ്പണം ചെയ്ത മഹത് വ്യക്തികളുടെ പട്ടികയിൽ കുടക്കച്ചിറ അന്തോണിക്കത്തനാരുടെ സ്ഥാനം അദ്വിതീയമാണ്. പക്ഷെ കേരളസഭാ ഹൈരാർക്കിയും പിതാക്കന്മാരും ഇന്ന് അദ്ദേഹത്തെ അനുസ്മരിക്കുന്നുണ്ടോ?

www.malankaralibrary.com

## പശ്ചാത്തലം

അദ്ദേഹത്തിന്റെ ജനനം, ബാല്യം, വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങളെപ്പററി വളരെ അവ്യക്തമായ ചില ധാരണകൾ മാത്രമാണിന്നുള്ളത്. പത്തൊൻപതാം നൂററാണ്ടിന്റെ പൂർവ്വാർദ്ധത്തിലാണ് അദ്ദേഹം ജീവിച്ചിരുന്നത് എന്ന് അദ്ദേഹം 1856-ൽ നിര്യാതനായി എന്നതിൽനിന്നും മനസ്സിലാക്കാം. 1838ലാണ് അദ്ദേഹം ശെമ്മാച്ചനായി മാന്നാനം സെമിനാരിയിൽ ചേർന്നത്. അതുകൊണ്ടു അദ്ദേഹം പത്തൊൻപതാം നൂററാണ്ടിന്റെ ആദ്യദശകത്തിൽ ഭൂജാതനായി എന്നും അനുമാനിക്കാം.

അദ്ദേഹം പാലാ ഇടവകക്കാരനായിരുന്നു. "പാലാപ്പള്ളി ഇടവകക്കാരൻ കുടക്കച്ചിറ അന്തോണി കത്തനാരച്ചൻ" എന്ന് ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചന്റെ നാളാഗമനം രണ്ടാം വാല്യത്തിൽ കാണുന്നുണ്ട്. ആരായിരുന്നു അദ്ദേഹത്തിന്റെ മാതാപിതാക്കൾ എന്ന കാര്യംപോലും വ്യക്തമല്ല.

അന്ന് കേരളസഭ മുമ്പു സൂചിപ്പിച്ചതുപോലെ പ്രൊപ്പഗന്തായുടെ ഭരണത്തിൻ കീഴിലായിരുന്നു. പദ്രുവാദോഭരണം 1838-ൽ നിറുത്തലാക്കപ്പെട്ടു. അങ്ങനെ കുടക്കച്ചിറ ഒരു ശെമ്മാച്ചനെന്ന നിലയിൽ പൊതുരംഗത്ത് പ്രവേശിച്ചപ്പോൾ കേരളസഭയിൽ വരാപ്പുഴയുടെ പ്രൊപ്പഗന്താ ഭരണം മാത്രമാണ് നിലവിലുണ്ടായത്. മുമ്പു സൂചിപ്പിച്ചതുപോലെ 1662-ൽ മതപ്രചരണത്തിനായി റോമിൽ നേരിട്ട് ആരംഭിച്ച ഒരു സംഘടനയാണ് പ്രൊപ്പഗന്താതിരുസംഘം (പ്രൊപ്പഗന്താഫിദേ) പോർട്ടുഗലിന്റെ ആധിപത്യം കിഴക്കൻ പ്രദേശങ്ങളിൽ സാർവ്വത്രികമായപ്പോൾ അവിടത്തെ കത്തോലിക്കാസഭയുടെ ഭരണത്തിൽ പോപ്പിനുള്ള അധികാരം നാമമാത്രമായി. പോർട്ടുഗീസുകാർ മുതലുള്ള ഈശോസഭക്കാർ മാത്രമായി ആ ഭൂവിഭാഗങ്ങളിലെ മിഷനറിപ്രവർത്തകർ. കർമ്മലീത്താക്കാരും ഡൊമിനിക്കന്മാരും ഫ്രാൻസിസ്കന്മാരും മററുമായ മിഷനറിമാർക്ക് ആ പ്രദേശങ്ങളിൽ പ്രവർത്തന സ്വാതന്ത്ര്യമില്ലാതെയായി. അതിൽനിന്നും കിഴക്കൻസഭയെ മോചിപ്പിക്കുവാനായി ഇററലിക്കാരായ മിഷനറിമാർ റോമിന്റെ നേതൃത്വത്തിൽ രൂപം കൊടുത്ത സംഘടനയാണ് പ്രൊപ്പഗന്താ. മുമ്പു സൂചിപ്പിച്ച മാർപ്പാപ്പാമാരുടെ ഉടമ്പടിപ്രകാരം പോർട്ടുഗീസ് അധീനപ്രദേശങ്ങളിൽ മെത്രാന്മാരെ നിയമിക്കുന്നതിനുള്ള അധികാരം പോപ്പിനില്ലാതായി. അതിനാൽ പോർട്ടുഗലിന്റെ അധീനതയിലല്ലാത്ത സ്ഥലങ്ങളുടെ പേരിൽ മെത്രാന്മാരെ നിയമിച്ചുകൊണ്ട് ഈ പ്രദേശങ്ങളിലേക്കു് അവരെ വികാരി അപ്പസ്തോലിക്കാമാരായി അയയ്ക്കുന്നരീതി റോം സ്വീകരിച്ചു. കൂനൻകുരിശു സത്യത്തിലൂടെ പൗലിസ്സ്യരുടെ (ഈശോസഭയുടെ) കീഴിൽ ഇരിക്കയില്ലാ എന്നു ശഠിച്ച സുറിയാനിക്കാരെ തൃപ്തിപ്പെടുത്തുവാനും അവരെ തിരികെ കത്തോലിക്കാസഭയിലേക്കു് കൊണ്ടുവരുവാനും കർമ്മലീത്താക്കാരായ ഈ മെത്രാന്മാരെ വികാരി അപ്പസ്തോലിക്കാമാരായി അയയ്ക്കുന്ന എന്ന ഭാവത്തിലാണ് പ്രൊപ്പഗന്താ അവരെ ആദ്യം കേരളത്തിലേക്കു് അയച്ചത്. മാർ സെബസ്ത്യാനിയും പള്ളിവീട്ടിൽ ചാണ്ടിമെത്രാനും അതിന് ശേഷം വന്ന വരാപ്പുഴവികാരി അപ്പസ്തോലിക്കാമാരെല്ലാവരും അങ്ങനെ അയയ്ക്കപ്പെട്ടവരാണ്. അവരെല്ലാം മദ്ധ്യപൂർവ്വദേശങ്ങളിലെ ഏതെങ്കിലും രൂപതയുടെ സ്ഥാനിക മെത്രാന്മാരായിരുന്നു. പള്ളിവീട്ടിൽ ചാണ്ടിമെത്രാൻ മെഗാറാ എന്ന ദേശത്തിന്റെ മെത്രാനായിരുന്നു. കേരളത്തിന്റേതായിരുന്നില്ല. കേരളത്തിൽ അദ്ദേഹം വെറും വികാരി അപ്പസ്തോലിക്കാ മാത്രമായിരുന്നു. ഇന്ത്യയുടെയും മലയാളമൊക്കെയുടെയും മെത്രാപ്പോലീത്താ എന്നെല്ലാം അദ്ദേഹം തന്റെ കല്പനകളിൽ ചേർക്കാറുണ്ടായിരുന്നുവെങ്കിലും അതിനൊന്നിനും നിയമപ്രകാരമുള്ള യാതൊരു അംഗീകാരവുമുണ്ടായിരുന്നില്ല.

പോർട്ടുഗീസ് മിഷ്യനറിമാരുടെ സുറിയാനി വിരുദ്ധവും ഏകാധിപത്യപരവും യാഥാസ്ഥിതികവുമായ ഭരണത്തിൽ നിന്നുമുള്ള മോചനം എന്ന നിലയിൽ പ്രൊപ്പഗ

www.malankaralibrary.com

ന്നാ ഭരണം കേരളക്രൈസ്തവർക്ക് ആദ്യം സ്വീകാര്യമായിരുന്നു. താരതമ്യേന പദ്രുവാദോയേക്കാൾ സുറിയാനിക്കാരോടനുകൂലമായ നിലപാടാണ് ആ കാലങ്ങളിൽ കൗശലപൂർവ്വം പ്രൊപ്പഗന്തായുടെ വികാരി അപ്പസ്തോലിക്കാമാർ സ്വീകരിച്ചത്. കേരള സഭയുടെ ചരിത്രത്തിൽ ആദ്യമായി ഒരു സ്വദേശി മെത്രാനെ — പള്ളിവീട്ടിൽ ചാണ്ടി മെത്രാനെ — നിയമിക്കുവാൻ പോലും അവർ തയ്യാറായി, അതിന്റെ ഫലമായി സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ അവരുടെ സ്വാധീനത വർദ്ധിച്ചു.

എന്നാൽ പള്ളിവീട്ടിൽ ചാണ്ടി മെത്രാന് ശേഷം മറ്റൊരു കേരളീയനെ മെത്രാനാക്കുന്നതിൽ പ്രൊപ്പഗന്താ പരാജയമടയുകയുമാണുണ്ടായത്. യൂറോപ്യൻ മേധാവിത്വം എന്ന ചിന്താഗതി നാട്ടുകാരനെ മെത്രാനാക്കുന്നതിൽനിന്നും അവരെ തടഞ്ഞു. പ്രൊപ്പഗന്തായുടെ തനിനിറം അന്നു മുതൽ കേരള കത്തോലിക്കർ ദർശിച്ചു തുടങ്ങി. അത് പദ്രുവാദോയെ കടത്തി വെട്ടുന്നതരത്തിലുള്ളതുമായിരുന്നു. അതിനകം പോർട്ടുഗീസുകാരുടെ പതനം ഇവിടെ സുനിശ്ചിതമാവുകയും പ്രൊട്ടസ്റ്റൻറുകാരായ ഡച്ചുകാരുമായി റോം നല്ല സൗഹൃത്ബന്ധം സ്ഥാപിക്കുകയും ചെയ്തിരുന്നു. പിന്നെ പോർട്ടുഗീസുകാരുടെ കൈ മുകളിലെത്തുകയില്ല എന്നു വ്യക്തമായി. അതുകൊണ്ടാണ് നാട്ടുകാരനെ മെത്രാനാക്കണമെന്ന് റോമിൽ നിന്നുമുണ്ടായ നിർദ്ദേശത്തെ അക്ഷരാർത്ഥത്തിൽ പാലിച്ചു കൊണ്ടു യൂറോപ്യൻ ദമ്പതികൾക്കു നാട്ടിൽ വച്ചു ജനിച്ച ഒരു യൂറോപ്യനെ നാട്ടുകാരനെന്ന നിലയിൽ അവർ മെത്രാനായി വാഴിച്ചത്. അതായിരുന്നു റഫായേൽ ഫിഗഗ്വേറാ മെത്രാൻ. അദ്ദേഹത്തിനു ശേഷം യൂറോപ്യൻ മെത്രാന്മാരുടെ ഒരു പരമ്പര തന്നെ പ്രൊപ്പഗന്താ സംവിധാനത്തിൽ വരാപ്പുഴയിൽ വാണു. മോൺ. കുസ്തോദിയൂസും, ആൻജലൂസ് ഫ്രാൻസിസും, ജോൺ ബാപ്പിസ്റ്റായും, ഫ്ളോറൻസും, ജെയിംസ് മറിയവും റയിമണ്ടു ജോസഫും, മിലേപെൻറർ കാസ്റ്റും, മൗറീലിയൂസ് സ്റ്റബിലിനിയും, ഫ്രാൻസിസ് സേവ്യറും ആ പാരമ്പര്യം തന്നെ പാലിച്ചു. അവരെല്ലാം യൂറോപ്യന്മാരായ കർമ്മലീത്താക്കാരായിരുന്നു. വരാപ്പുഴ കേന്ദ്രമാക്കി അവർ കേരളത്തിലെ കത്തോലിക്കരെ ഭരിച്ചു. എന്നാൽ അവരുടെ ഭരണത്തിന്റെ വ്യാപ്തി കേരളത്തിലെ തന്നെ സുറിയാനി കത്തോലിക്കരെ മൊത്തം ബാധിച്ചില്ല. പ്രൊട്ടസ്റ്റൻറുകാരായ ഡച്ചുകാർക്കു സ്വാധീനതയുള്ള നാട്ടുരാജ്യങ്ങളിലെ സുറിയാനി കത്തോലിക്കരിൽ മാത്രം അതു ഒതുങ്ങിനിന്നു. അന്ന് കോഴിക്കോട്ട് സാമൂതിരിക്കു ഡച്ചുകാരോടു വിധേയത്വമുണ്ടായിരുന്നില്ല. അതിനാൽ സാമൂതിരിയുടെ രാജ്യത്തു് പ്രൊപ്പ്ഗന്തായുടെ അധികാരവും നടന്നില്ല. പ്രൊട്ടസ്റ്റൻറുകാരായ ഡച്ചുകാരും റോമിന്റെ പ്രൊപ്പ്ഗന്തായും ഒരുവശത്തും കത്തോലിക്കരായ പോർട്ടുഗീസുകാരും സാമൂതിരിയും മറുവശത്തുമായി കേരളത്തിലെ കത്തോലിക്കാ സമുദായത്തെ അന്നു വിഭജിച്ചെടുത്തു ഭരണം നടത്തി. പ്രൊപ്പ്ഗന്തായുടെ ആസ്ഥാനം ഡച്ചുകാർക്കു സ്വാധീനതയുണ്ടായിരുന്ന പെരുമ്പടപ്പു സ്വരൂപത്തിന്റെ രാജ്യത്തിൽപെട്ട വരാപ്പുഴയും പദ്രുവാദോയുടെ ആസ്ഥാനം സാമൂതിരിയുടെ രാജ്യാതിർത്തിയ്ക്കുള്ളിലായിരുന്ന പുത്തൻചിറയുമായിരുന്നു. പുത്തൻചിറ ആസ്ഥാനമായുള്ള രൂപതയ്ക്കും കൊടുങ്ങല്ലൂർ രൂപത എന്ന പേരാണ് നൽകിയിരുന്നത്.

സാമൂതിരിയിൽനിന്ന് ആ പ്രദേശം ടിപ്പുവും ടിപ്പുവിൽനിന്നും ഇംഗ്ലീഷ്കാരും കൈവശപ്പെടുത്തിയപ്പോഴും പഴയ വിഭജനവും പാരമ്പര്യവും തുടർന്നു പോരികയാണുണ്ടായത്. പോർട്ടുഗീസുകാരെ തോല്പിച്ചോടിച്ചു ആദ്യം എല്ലാ കത്തോലിക്കാ മിഷനറിമാരെയും പിന്നീട് ഈശോ സഭക്കാരെ മാത്രമായും പുറംതള്ളിയ ഡച്ചുകാരും അധികം താമസിയാതെ കേരളത്തിന്റെ മണ്ണിൽനിന്നും പുറത്താക്കപ്പെട്ടുവല്ലോ.

മലബാർ മുഴുവനും ബ്രിട്ടീഷ്കാരുടെ നേരിട്ടുള്ള ഭരണത്തിലും തിരുവിതാംകൂർ കൊച്ചി നാട്ടുരാജ്യങ്ങൾ അവരുടെ സാമന്തരാജ്യങ്ങൾ എന്ന നിലയിലും പൊതുവേ

www.malankaralibrary.com

കേരളം രാഷ്ട്രീയ സ്വാധീനതയിൽ ഏകമായി മാറിയപ്പോഴും കത്തോലിക്കരുടെ ഇടയിലെ പ്രസ്തുത ദ്വിഭരണം തുടർന്നുപോന്നു. അതു് ഒരു പരിധിവരെ ഇവിടത്തെ സുറിയാനി കത്തോലിക്കർക്കു് പ്രയോജനകരമായും ഭവിച്ചു. രണ്ടു ഭരണകർത്താക്കളും വിദേശിയരും അക്കാരണത്താൽതന്നെ വെറുക്കപ്പെട്ടവരുമായിരുന്നുവെങ്കിലും ഒരു കൂട്ടരോടുള്ള വെറുപ്പ് അധികമാകുമ്പോൾ മറ്റേ കൂട്ടരുടെ കക്ഷത്തിലേയ്ക്കു തലവച്ചുമാറുവാനുള്ള സ്വാതന്ത്ര്യം അന്നവർക്കുണ്ടായിരുന്നു. അതിനാൽ സ്വന്തം കക്ഷത്തിൽ നിന്നും തല ഊരിക്കൊണ്ടുപോകാതിരിക്കുവാനായി ഇരുകൂട്ടരും പരസ്പരം മത്സരിക്കുകയും ആ മത്സരത്തിൽ ചില ചെറിയ അപ്പക്കഷണങ്ങൾ സുറിയാനിക്കാർക്കു ലഭിക്കുകയും ചെയ്തിരുന്നു. അങ്ങനെ ലഭിച്ച അപ്പക്കഷണങ്ങളാണു് മുമ്പു സൂചിപ്പിച്ച പള്ളിവീട്ടിൽ ചാണ്ടി മെത്രാനും കരിയാറ്റിൽ അവുസേഫ് മെത്രാപ്പോലീത്തായും പാറേമ്മാക്കൽ തോമ്മാഗോവർണ്ണദോരും മറ്റും.

പക്ഷെ കടക്കച്ചിറ അന്തോണി ശെമ്മാച്ചൻ രംഗത്തു വന്നപ്പോൾ ഈ ദ്വിഭരണം അപ്രത്യക്ഷമായിക്കഴിഞ്ഞിരുന്നു. റോം നേരിട്ടു് ഇടപെട്ടു് പദ്രുവാദോഭരണ സമ്പ്രദായം തന്നെ നിറുത്തലാക്കി. പ്രോപ്പ്ഗന്താമാത്രം അവശേഷിച്ചു. അതിനാൽ സ്വന്തം കക്ഷത്തിൽനിന്നും കേരള കത്തോലിക്കരുടെ തല നഷ്ടപ്പെടുമെന്ന ഭയംകൂടാതെ പ്രോപ്പ്ഗന്തായ്ക്കു സ്വൈരമായ ഭരണം നടത്തുവാനുള്ള പാശ്ചാത്തലം ലഭ്യമായി.

## വരാപ്പുഴയുടെ ഏകാധിപത്യം

ഈ ഘട്ടത്തിലാണു് ബിഷപ്പ് ഫ്രാൻസീസ് സേവ്യർ പെസേട്ടോ (Pecetto) വരാപ്പുഴയുടെ വികാരി അപ്പസ്തോലിക്കായായി 1831-ൽ കടക്കച്ചിറ ശെമ്മാച്ചനായി മാന്നാനം സെമിനാരിയിൽ എത്തുന്നതിനു് ഏഴുവർഷം മുമ്പ് നിയമിതനാകുന്നതു്. അദ്ദേഹം അമാത്തൂസിന്റെ മെത്രാനും വരാപ്പുഴയുടെ വികാരി അപ്പസ്തോലിക്കയുമായിരുന്നു. ''വികാരി അപ്പസ്തോലിക്കമൊരാൽ ഭരിക്കപ്പെടുന്ന രൂപതകൾ മാർപ്പാപ്പായുടെ നേർഭരണത്തിൽ ഇരിക്കുന്നുവെന്നും അങ്ങനെയുള്ളഭരണം താല്ക്കാലികമായ ഒരു നിബന്ധനയാണെന്നുമാണല്ലോ വ്യാഖ്യാനിക്കപ്പെടുന്നതു്. താല്ക്കാലികമായ എന്തോ കാരണംകൊണ്ടു ഈ അവസ്ഥ പ്രാപിച്ച മലങ്കരസഭയെ ആ കാരണങ്ങൾ ഇല്ലാതാകുമ്പോൾ പൂർവ്വസ്ഥിതിയിൽ ബാബേൽ പാത്രിയർക്കീസിൽ തന്നെ തിരിച്ചു കൊടുക്കുമെന്നു് പാത്രിയക്കീസും മലങ്കരക്കാരും ഊഹിച്ചിരുന്നു.'' (8) എന്നു് ഐ. സി. ചാക്കോ പറയുമ്പോൾ മലങ്കരസഭയെ വികാരി അപ്പസ്തോലിക്കാമാരെ ഏല്പിച്ചതു് ബാബേൽ പാത്രിയക്കീസുമാരിൽനിന്നും നേരിട്ടു് ഏറ്റെടുത്തതല്ല എന്ന ചരിത്രസത്യം അദ്ദേഹം വിസ്മരിക്കുന്നില്ലേ? പദ്രുവാദോയിൽ നിന്നാണു് വികാരി അപ്പസ്തോലിക്കാമാർക്കു റോം മലങ്കരസഭയെ എടുത്തുകൊടുത്തതു്, പദ്രുവാദോയ്ക്കു മലങ്കരസഭയുടെ ആധിപത്യം നേടികൊടുത്ത ഉദയംപേരൂർ സൂനഹദോസ് സാധുവല്ലാ എന്ന പ്രശ്നം അവശേഷിക്കുന്നുണ്ടു് എന്നകാര്യവും ഇവിടെ സ്മരണീയമാണു്. പക്ഷെ അന്നു് അതു് അസാധുവാണെന്നുള്ള ചിന്ത ആർക്കുമുണ്ടായിരുന്നില്ല.

1816-ൽ വരാപ്പുഴ വികാരി അപ്പസ്തോലിക്കായായിരുന്ന റെയിമണ്ടു് ജോസഫ് മരിച്ചപ്പോൾ ഈ ഫ്രാൻസീസ് സേവ്യറെ ബോംബെയിൽനിന്നും കേരളത്തിലേ

(8) മാർ ളൂയിസ് പഴേപറമ്പിൽ ജീവിതവും കാലവും പേജ് 231.

www.malankaralibrary.com

സ്സ് കൊണ്ടുവരുവാൻ ഒരുശ്രമം നടന്നതാണ്. പക്ഷെ അതു എന്തുകൊണ്ടോ ഫലിച്ചില്ല. പതിനഞ്ചു വർഷത്തിനുശേഷം അദ്ദേഹം വികാരി അപ്പസ്തോലിക്കയായിത്തന്നെ ഇവിടെ എത്തി. അന്ന് പദ്രുവാദോ നിലവിലുണ്ടെങ്കിലും പദ്രുവാദോ രൂപതകളായിരുന്ന കൊച്ചിയിലും കൊടുങ്ങല്ലൂരിലും മെത്രാന്മാരുണ്ടായിരുന്നില്ല. ആ തണലിൽ കേരളത്തിലെ മുഴുവൻ കത്തോലിക്കരുടെയും ഭരണാധികാരിയാകുവാനുള്ള ഒരു ശ്രമം അദ്ദേഹം നടത്തി. കല്ക്കട്ടാ, മദ്രാസ്, മധുര, സിലോൺ എന്നിവിടങ്ങളിൽ കൂടി റോമിൽ ആ ഘട്ടത്തിൽനിന്നും പ്രോപ്പഗന്തായുടെ വികാരി അപ്പസ്തോലിക്കാമാരെ നിയമിച്ചതു്, അദ്ദേഹത്തിന്റെ അവകാശവാദത്തിന് ശക്തികൂട്ടുവാൻ കാരണമായി. ആ പ്രദേശങ്ങളിലെ കത്തോലിക്കർ അന്ന് പദ്രുവാദോ ഉടമ്പടിപ്രകാരം ഗോവാ മെത്രാപ്പോലീത്തായുടെ അധികാരാതൃത്തിക്കുള്ളിലായിരുന്നു: പുതിയ നിയമനത്തെ പദ്രുവാദോ അധികാരികളും വൈദീകരും എതിർത്തു. അതിന്റെ അലയടികൾ കേരളത്തിലുമെത്തി. അന്ന് കൊച്ചിയിലെ ഗോവർണ്ണദോരായിരുന്ന മാനുവൽ യാവോക്കിനേവെ ഇവിടെ വികാരി അപ്പസ്തോലീക്കായുടെ അധികാരത്തെ വെല്ലുവിളിച്ചു.

ഏഴു വർഷത്തിനു ശേഷം 1838-ൽ ഗ്രിഗറി പതിനാറാമൻ മാർപാപ്പാ മുൾത്താ പ്രെക്ലരാ (Multa Praeclara) എന്ന ചാക്രിക ലേഖനം വഴി പദ്രുവാദോ ഭരണ സമ്പ്രദായത്തെ തന്നേ അവസാനിപ്പിച്ചപ്പോഴും പ്രസ്തുത എതിർപ്പു ഒന്നുകൂടി ശക്തമായി. ഇന്ത്യയിൽ ഗോവാ അതിരൂപത ഒഴിച്ചുള്ള എല്ലാ പദ്രുവാദോരൂപതകളും വികാരി അപ്പസ്തോലിക്കാ ഭരണത്തിലാക്കുക എന്നതായിരുന്നു പ്രസ്തുത ചാക്രികലേഖനത്തിന്റെ ഫലമായി ഇവിടെ നടന്നതു്. അന്ന് പോർട്ടുഗലിലെ രാജാവിനു ഇന്ത്യയിൽ ഗോവമാത്രമാണല്ലോ ഉണ്ടായിരുന്നതു്. അങ്ങനെ കേരളത്തിൽ കത്തോലിക്കരുടെ ഭരണം വരാപ്പുഴ വികാരി അപ്പസ്തോലിക്കാക്കു മാത്രമായിത്തീർന്നു പദ്രുവാദായുടെ എല്ലാ എതിർപ്പുകളെയും അവസാനിപ്പിക്കുവാനും പദ്രുവാദായുടെ കൂടെനിന്ന പള്ളികളെ വരാപ്പുഴയുടെ കൂടെ കൊണ്ടുവരുവാനും ഫ്രാൻസീസ് സേവ്യർ പെസ്സോട്ടോയുടെ നയചാതുരിക്കു കഴിഞ്ഞു. അതിനു ശേഷമാണ് അദ്ദേഹം ആദ്യത്തെ വരാപ്പുഴ മെത്രാപ്പോലീത്തയായതു്.

പക്ഷേ അതു് ക്രമേണ അവരുടെ ഏകാധിപത്യത്തിനു് വഴിവയ്ക്കുകയാണുണ്ടായതു്. സുറിയാനിക്കാർക്കു വരാപ്പുഴയുടെനുകത്തിൻ കീഴിൽനിന്നും രക്ഷപെടുവാനുള്ള എല്ലാ മാർഗ്ഗങ്ങളും അടഞ്ഞു ''കന്യാകുമാരി മുതൽ കാനറാവരെയും കടൽ മുതൽ മലയുടെ അടിവാരംവരെയും വരാപ്പുഴ വികസിച്ചു'' എന്നു് വികാരി അപ്പസ്തോലിക്കാ ഫ്രൻസീസ് സേവ്യർ അട്ടഹസിച്ചതെന്നു പറയപ്പെടുന്നു(9)

നെസ്തോറിയൻ ശീശ്മയിൽനിന്നും ഈ അടുത്ത കാലത്തു പിന്തിരിഞ്ഞുവന്ന പുത്തൻ കത്തോലിക്കർ എന്ന മനോഭാവമാണ് പ്രോപ്പഗാന്താ മിഷനറിമാർക്കു ഇവിടത്തെ സുറിയാനി ക്രിസ്ത്യാനികളോടുണ്ടായിരുന്നതു്. കേരളത്തിലെ കത്തോലിക്കാസഭയുടെ പൂർവ്വചരിത്രമൊന്നും അവർക്കാർക്കും അറിഞ്ഞുകൂടായിരുന്നു. അതറിയുവാനുള്ള ഒരു ശ്രമവും നടത്തിയുമില്ല. പോർട്ടുഗീസു മിഷനറി ചരിത്രകാരന്മാർ എഴുതി വച്ചതെല്ലാം അവർ അതേപടി വെട്ടിവിഴുങ്ങി. സെന്റ് തോമസിന്റെ കാലം തൊട്ടുള്ള പാരമ്പര്യത്തിലും കേരളത്തിലെ ഉന്നതകുലജാതർ മാർഗ്ഗം കൂടിയതിന്റെ അനന്തരഗാമികൾ എന്ന വിശ്വാസത്തിലും മേന്മനടിച്ചിരുന്ന കേരള കത്തോലിക്കർക്ക് പ്രോപ്പഗന്താക്കാരുടെ ഈ മനോഭാവം സഹിക്കാവുന്നതിലേറെയായിരുന്നു. ഈ മനോഭാവത്തേയും അതിന് പ്രേരകമായ ഏകാധിപത്യത്തേയുമാണ് കുടക്കച്ചിറ അന്തോനിക്കത്തനാർ വെല്ലുവിളിച്ചതു്.

(9) L. M. Pylee. St. Thomas Christians and Arch Diocese of Verapoly page 212

www.malankaralibrary.com

അതിനു് മുമ്പ് നടന്ന എല്ലാ വെല്ലുവിളികളും സമരങ്ങളും ഭാഗികമായി യൂറോപ്യന്മാരുടെതന്നെ പിന്തുണയോടുകൂടിയായിരുന്നു. വരാപ്പുഴയ്ക്കെതിരായി വെല്ലുവിളി ഉയരുമ്പോഴും കൂടെ പോർട്ടുഗീസു പദ്രുവാദോ ഉണ്ടാകുമായിരുന്നു. പദ്രുവാദായ്ക്കെതിരായി വെല്ലുവിളി ഉയരുമ്പോഴും കൂടെ പ്രോപ്പഗന്തായുടെ വരാപ്പുഴ ഉണ്ടാകുമായിരുന്നു. എന്നാൽ കേരള സഭയുടെ ചരിത്രത്തിൽ ആദ്യമായി ഏകനായി കേരളസഭയുടെ മാത്രം പിൻബലത്തിൽ യൂറോപ്യന്മാരുടെ എല്ലാം മേധാവിത്വത്തിനെതിരായ വെല്ലുവിളി ഉയർത്തിയതു് 'കുടക്കച്ചിറയാണു്'' അതായിരുന്നു അദ്ദേഹത്തിന്റെ വ്യക്തി വൈശിഷ്ട്യം.



## വിദ്യാഭ്യാസം

കുടക്കച്ചിറ അന്തോനിക്കത്തനാരുടെ പ്രാഥമിക വിദ്യാഭ്യാസം എവിടെ നിർവ്വഹിച്ചു എന്ന കാര്യം അജ്ഞാതമാണു്. അദ്ദേഹം സുറിയാനി പഠിച്ചതു് കുന്നേലച്ചൻ, പൂഞ്ഞിക്കുളത്തു മല്പാൻ എന്നിവരുടെ കൂടെയായിരുന്നു എന്നു മാത്രമറിയാം. ''ഇയാഠം മുൻപിൽ കുന്നേലച്ചൻ എന്ന ഒരു കെഠംപെട്ട പട്ടക്കാരെനൊടും പിന്നെ പൂഞ്ഞികൊളത്ത മല്പാനച്ചനൊടും പിന്നെ മുപ്പറയിലെന്ന പാലാ മല്പാനച്ചനൊടും യിങ്ങനെ സുറിയാനി പഠിനങ്ങഠം ഒക്കയും പഠിച്ചു കഴിഞ്ഞ ലത്തീൻ ലൂസിത്താൻ യിങ്ങനെയുള്ള പെച്ചകഠം പഠിപ്പാനും ആയിടെ മട്ടാഞ്ചെരിയിൽ വികാരിയായിരുന്ന തൊറിഞ്ഞപാദ്രി എന്നദ്ദെഹത്തോടുകൂടെ പാത്തു പഠിച്ചു വന്നിരിക്കയിൽ'' (10)

വൈദികാർത്ഥികളെ സെമിനാരിയിൽ ചേർത്തു പഠിപ്പിക്കുന്ന ആധുനിക രീതി ശരിയായി നാട്ടിൽ നടപ്പാകുന്നതിനു മുമ്പുള്ള ആ കാലഘട്ടത്തിൽ പഴയ ഗുരുകുലത്തിന്റെ പാരമ്പര്യം എന്നു തോന്നുമാറു് മല്പാന്മാരുടെ കൂടെ താമസിച്ചു അഭ്യസനം നേടുകയായിരുന്നു പതിവു്. യൂറോപ്പൻ മിഷനറിമാരുടെ പ്രയത്നഫലമായി വൈദികസെമിനാരികഠം അങ്ങിങ്ങു് സ്ഥാപിച്ചിരുന്നെങ്കിലും കേരളത്തിലെ ക്രൈസ്തവസഭയുടെ പുരാതന പാരമ്പര്യം ഗുരുകുല സമ്പ്രദായം തന്നെയായിരുന്നു. ഈശോ സഭക്കാർ സ്ഥാപിച്ച വൈപ്പിൻ കോട്ടപോലുള്ള സെമിനാരികളിൽ പഠിച്ച വൈദികരായവരെ തങ്ങളുടെ പള്ളികളിൽ പ്രവേശിപ്പിക്കുവാൻ വിസമ്മതിച്ചവരാണു് അന്നത്തെ കേരള കത്തോലിക്കർ. ഇടവകയുടെ ആവശ്യത്തിനു്വേണ്ടി ഇടവകയോഗം തങ്ങളുടെ ഇടവകയിൽനിന്നും യോഗ്യരായ വൈദീകാർത്ഥികളെ തെരഞ്ഞെടുത്തു് തങ്ങളുടെതന്നെ ചെ

10 ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ — നാളാഗമങ്ങഠം സി. എം. ഐ. പ്രസാധക കമ്മിററി പേജ് 34

www.malankaralibrary.com

ലവിൽ അഭ്യസനത്തിനായി ആ ഇടവകയിൽതന്നെ മല്ലാനച്ചന്മാരുണ്ടെങ്കിൽ അവരുടെകൂടെയോ അല്ലെങ്കിൽ മറ്റ് ഇടവകകളിലെ മല്ലാന്മാരുടെ കൂടെയോ അയയ്ക്കുന്ന പുരാതനരീതി അന്ന് ക്രമേണ അവസാനിക്കുകയായിരുന്നു. എങ്കിലും വൈദികപരിശീലനം അന്നും പ്രധാനമായി ഇടവകകളിൽ മല്ലാന്മാരുടെ കൂടെത്തന്നെയായിരുന്നു. ഇടവകജനങ്ങളുമായി കൂടുതൽ ബന്ധപ്പെടുന്നതിനും ഇടവകയേയും ഇടവകയുടെ പ്രശ്നങ്ങളെയും വൈദികാർത്ഥികൾ കൂടുതൽ മനസ്സിലാക്കുന്നതിനും ഈ രീതി ഉപകരിച്ചിരുന്നു. ജനങ്ങളുടെ അനുവാദമാകുന്ന ദേശകുറി ലഭിച്ചാൽ മാത്രമേ അന്ന് വൈദികാർത്ഥികൾക്ക് പട്ടം നൽകപ്പെട്ടിരുന്നുള്ളൂ. വൈദികൻ ജനങ്ങളുടെ സേവകനും ദാസനുമാണെന്ന് അത് ഓർമ്മിപ്പിക്കും. "നിങ്ങളിൽ ഒന്നാമനാകുവാൻ ഇച്ഛിക്കുന്നവൻ മറ്റുള്ളവരുടെ ദാസനാകട്ടെ" എന്ന ക്രിസ്തുവിന്റെ വചനം അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ ഇവിടെ അന്നു നടപ്പായിരുന്നു.

"അതുകൊണ്ട് എന്റെ സഹോദരന്മാരെ! നിങ്ങൾ നല്ല സാക്ഷ്യമുള്ളവരും കർത്താവിന്റെ ആത്മാവും വിവേകവും നിറഞ്ഞവരുമായവരെ നിങ്ങളിൽനിന്ന് അന്വേഷിച്ച് തെരഞ്ഞെടുക്കുവാൻ അവരെ ഇക്കാര്യത്തിനായി ഞങ്ങൾ നിയമിക്കാം."(11) എന്നു പറഞ്ഞുകൊണ്ട് അപ്പസ്തോലന്മാർ ആരംഭമിട്ട ആ പാരമ്പര്യത്തിന് അനുയോജ്യമായ രീതിയിലുള്ള വൈദികതെരഞ്ഞെടുപ്പാണ് അന്ന് നടന്നിരുന്നത്.

മറ്റെവിടെയോ പോയി പഠനവും പരിശീലനവും കഴിച്ചിട്ട് ഇടവകയിലേയ്ക്ക് അയയ്ക്കപ്പെടുന്ന ആധുനികവൈദികർക്ക് ഇടവകയുടെ പ്രശ്നങ്ങളെ അതിന്റെ ശരിയായ അർത്ഥത്തിൽ– അതിന്റെ തനിനിറത്തിൽ കാണുവാനും മനസ്സിലാക്കുവാനും സാധിക്കുകയില്ല. ജനങ്ങളിൽനിന്നും ഭിന്നനാണ് വൈദികൻ എന്ന ചിന്താഗതി അത് ഇരുകൂട്ടരിലും ജനിപ്പിക്കുന്നു. സെമിനാരിയിൽനിന്നും അവർക്കുലഭിക്കുന്ന വേഷവും രീതിയും ഭാഷയും

(11) നടപടി 20:28



എല്ലാം അതിനനുകൂലമാണ്. ജനങ്ങളിൽ ഒരാളാകാതെ ജനങ്ങളിൽനിന്നും ഭിന്നനായാൽ മാത്രമേ തങ്ങൾക്കർഹമായ ബഹുമാനം ലഭിക്കുകയുള്ളൂ എന്നതാണ് അവരിൽ പലരുടെയും ചിന്താഗതി. എന്നു മാത്രവുമല്ല ഇവർ ഇടവകയ്ക്കു വേണ്ടിയുള്ളവരല്ല. രൂപതക്കു വേണ്ടിയുള്ളവരും മെത്രാന്റെ മാത്രം ആജ്ഞാനുവർത്തികളായി വരുന്നവരുമാണ്. ഇടവകയ്ക്കോ ഇടവകയോഗത്തിനോ ഇവരുടെമേൽ യാതൊരു അധികാരവും അവകാശവുമില്ലല്ലോ.

കേരളത്തിലെ കത്തോലിക്കാസഭയുടെ പ്രതീകമായി ഇടവകകളിൽ പ്രവർത്തിക്കുന്ന വൈദികർ ഈ നാട്ടുകാരുമായി ബന്ധമില്ലാത്ത പ്രതീതിയാണ് ഇന്ന് ജനിപ്പിക്കുന്നത്. ഇടവകക്കാരും വികാരിയുമായി അകൽച്ച ഉണ്ടാകുന്നതിന്റെയും കാരണം അതാണ്. പൗരോഹിത്യമേധാവിത്വം തുടങ്ങിയ ആശയങ്ങളുടെയും ഉറവിടം അവിടെയാണ്.

എന്നാൽ അന്ന് അതല്ലായിരുന്നു സ്ഥിതി. കത്തനാർ ജനങ്ങളിൽ ഒരാളും ജനങ്ങളുടെ നേതാവുമായിരുന്നു. അങ്ങനെയുള്ള ഒരു നേതാവാകുവാൻ വേണ്ടിയാണ് കടകച്ചിറ ശെമ്മാശൻ കുന്നേലച്ചന്റെയും പൂണ്ടിക്കളത്തുമല്ലാന്റെയുംകൂടെ പഠനം നടത്തിയത്. അവരിൽനിന്നും അദ്ദേഹം സുറിയാനി പഠിച്ചശേഷം മട്ടാഞ്ചേരിയിൽപോയി അവിടെ ഒരു പാതിരിയിൽനിന്നും ലത്തീനും പോർട്ടുഗീസുഭാഷയും വശമാക്കി. തൊരഞ്ഞി പാതിരി എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്. അതിനുശേഷമാണ് അദ്ദേഹം മാന്നാനം ആശ്രമത്തിൽ ചേർന്നത്. വിജ്ഞാനത്തിന് പ്രാധാന്യം നൽകുന്ന കാലഘട്ടമായിരുന്നു അത്. ഒരു വൈദികന്റെ മേന്മ അദ്ദേഹം എത്രമാത്രം വിജ്ഞാനിയാണ് എന്നതിനെ ആശ്രയിച്ചാണ് അന്നു കരുതപ്പെട്ടുപോന്നത്. ഇന്നത്തെപോലെ പഠനവും അധികാരവും അന്ന് മാനദണ്ഡമാക്കിയിരുന്നില്ല. അതുകൊണ്ടാണ് കടകച്ചിറ ശെമ്മാശൻ വിജ്ഞാനസമ്പാദനത്തിനുള്ള പ്രഥമിക സൗകര്യങ്ങൾ നേരത്തെ സമ്പാദിച്ചത്.

www.malankaralibrary.com

## മാന്നാനം സെമിനാരിയിൽ

1838ലാണ് കടക്കച്ചിറ അന്തോനി ശെമ്മാശൻ മാന്നാനം സെമിനാരിയിൽ ചേർന്നു പഠനം ആരംഭിച്ചതു്. മാന്നാനം സെമിനാരിയിലെ പഠനവും മാന്നാനം ആശ്രമവുമായുള്ള ബന്ധവും അദ്ദേഹത്തിന്റെ ജീവിതത്തെ സ്വാധീനപ്പെടുത്തിയ സംഭവങ്ങളാണ്. പള്ളിപ്പുറം സെമിനാരിയിലെ മല്പാനായിരുന്ന പാലയ്ക്കൽ തോമ്മാ കത്തനാർ 1833-ൽ മാന്നാനത്തും വൈദികാർത്ഥികളെ പഠിപ്പിക്കാനാരംഭിച്ചു. 1831-ൽതന്നെ അവിടെ കർമ്മലീത്താസഭയുടെ ആശ്രമം സ്ഥാപിക്കപ്പെട്ടിരുന്നു. ആശ്രമത്തിലെ അന്തേവാസികളായ വൈദികാർത്ഥികൾക്കുവേണ്ടിയാണു അദ്ദേഹം പള്ളിപ്പുറത്തുനിന്നു ഇവിടെവന്നു പഠിപ്പിച്ചിരുന്നതു്. ആശ്രമവാസികൾക്കൊപ്പം ഇടവക വൈദികാർത്ഥികളെയും അദ്ദേഹം തന്റെ ശിഷ്യഗണത്തിൽ ചേർത്തു.

ആദ്യവർഷങ്ങളിൽ കർമ്മലീത്താ സഭയിലെ ശെമ്മാശന്മാരെയും ഇടവക വൈദികരാകാനുള്ള ശെമ്മാശന്മാരെയും ഒരുമിച്ചാണ് അവിടെ പഠിപ്പിച്ചിരുന്നതു്. സെമിനാരി അഭ്യസനം ഒരു വൈദികാർത്ഥിക്കു നിർബന്ധമായിരുന്ന കാലമായിരുന്നില്ല അതു്. മാന്നാനം സെമിനാരിയിൽനിന്നും അധികം താമസിയാതെ പിരിഞ്ഞുപോയ കടക്കച്ചിറ ശെമ്മാശൻ സെമിനാരി അഭ്യസനം പിന്നീടു നടത്താതെതന്നെ മല്പാൻ സമ്പ്രദായത്തിലൂടെ പഠനം നടത്തി പട്ടം ഏല്ക്കുകയാണ് ചെയ്തതു്.

അന്നു് കൂടുതൽ നന്നായി പ്രവർത്തിച്ചുകൊണ്ടിരുന്ന പള്ളിപ്പുറം സെമിനാരിയേക്കാൾ ഒരു പാലാക്കാരൻ എന്നനിലയിൽ അദ്ദേഹത്തിനു് കൂടുതൽ അടുത്തതു് മാന്നാനമാണല്ലോ "......പെ: ബ: പള്ളിപ്രത്ത മല്പാനച്ചൻ വല്യപൊരുക്കര അച്ചൻ എന്നിവരുണ്ടായിരിക്കുകയാൽ ഇവിടെയും പഠിപ്പാൻ എന്ന പ്രകാരം വന്നുപാർത്തിരുന്നു ......" (12) എന്നാണു ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ കടക്കച്ചിറ മാന്നാനത്തു വന്നതിനെപ്പറ്റി പറഞ്ഞിരിക്കുന്നതു്.

മന്നാനം അന്നു് ശരിയായ രീതിയിൽ ഒരു ആശ്രമമായിരുന്നില്ല. ഏതാനും വൈദികരുടെയും വൈദികാർത്ഥികളുടെയും ഒരു അധിവാസകേന്ദ്രം എന്നതിൽ കവിഞ്ഞ ഒരു സന്യാസാശ്രമത്തിന്റെ രൂപവും ഭാവവും അതു് കൈവരിച്ചിരുന്നില്ല. വരാപ്പുഴ വികാരി അപ്പസ്തോലിക്കയായിരുന്ന മൗറേലിയസ് സ്റ്റബിലിനിയുടെ കാലത്തു് 1831ലാണ് മാന്നാനം ആശ്രമം സ്ഥാപിതമായതു് എന്നു മുമ്പു സൂചിപ്പിച്ചുവല്ലോ. പിന്നീടു് വരാപ്പുഴ രൂപതാദ്ധ്യക്ഷനായ അന്നത്തെ ബർണദീനോസ് പാതിരി യൂറോപ്പിലെ സന്യാസാശ്രമങ്ങളുടെ ചുവടുപിടിച്ചു അതിനെ ഒരു ആശ്രമമാക്കുവാനുള്ള നിയമങ്ങളാവിഷ്കരിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടമായിരുന്നു അതു്. ബർണദീനോസ് പാതിരി എന്ന നിലയിലും മെത്രാനെന്ന നിലയിലും അദ്ദേഹത്തിനു മാന്നാനം ആശ്രമത്തോടു് ആദ്യം മുതൽ തന്നെ പ്രത്യേക മമതയുണ്ടായിരുന്നു;

ആശ്രമത്തിനു് രൂപവും ഭാവവും കൊടുക്കുന്നതിന്റെ പ്രാരംഭമായി ഒരു ധ്യാനം നടത്തി. പത്തുദിവസം നീണ്ടുനിന്ന പ്രസ്തുതധ്യാനം മാർസെൽ എന്ന യൂറോപ്യൻ വൈദികന്റെ നേതൃത്വത്തിലാണ് നടന്നതു്. ധ്യാനത്തിന്റെ അവസാനത്തിൽ വൈദികാർത്ഥികളിൽ ആശ്രമജീവിതം നയിക്കുവാനാഗ്രഹിക്കുന്നവരേയും അല്ലാതെ ദേശത്തു പട്ടക്കാരനാകുവാനാഗ്രഹിക്കുന്നവരേയും വേർതിരിച്ചു അവിടെതന്നെ പ്രത്യേകമായി താമസിപ്പിച്ചു.

(12) നാളഗങ്ങൾ –സി. എം. ഐ. പ്രസാധക കമ്മററി. പേജ് 184

www.malankaralibrary.com

കടക്കച്ചിറ ശെമ്മാച്ചൻ ആദ്യം സന്യാസനിയമങ്ങൾ അനുസരിക്കുവാൻ തയ്യാറില്ലാത്തവരുടെ കൂടെയാണു് ചേർന്നതു്. എന്നാൽ, സന്യാസവൈദികാർത്ഥികളെ ആശ്രമമന്ദിരത്തിൽ മുകളിലത്തെ നിലയിലും മററു വൈദികാർത്ഥികളെ താഴത്തെ നിലയിലും വേർതിരിച്ചു താമസിപ്പിച്ചതിൽ കടക്കച്ചിറക്കു് അഭിപ്രായവ്യത്യാസമുണ്ടായി. ഒരു സെമിനാരിയിൽ തന്നെ പഠിക്കുന്ന വൈദികാർത്ഥികളിൽ കുറച്ചുപേരെ സ്വന്തക്കാരെന്നും മററുള്ളവരെ പുറത്തുകാരെന്നുമുള്ള രീതിയിൽ വിഭജിച്ചതിൽ കടക്കച്ചിറ ശെമ്മാച്ചൻെറ ധാർമ്മികരോഷം ഉയിർകൊണ്ടു. രണ്ടുകൂട്ടരും കർത്താവിൻെറ മുന്തിരിത്തോപ്പിൽ വേലചെയ്യുവാനുള്ള പരിശീലനം നേടുകയായിരുന്നുവല്ലോ. ഒരുപക്ഷേ പിന്നീടു സന്യാസവൈദികരും ഇടവകവൈദികരും തമ്മിലുണ്ടായ ചേരിതിരിവിനു് കേരളത്തിൽ ആരംഭം കുറിച്ചതും ഈ വിവേചനം മൂലമായിരിക്കാം. ആശ്രമമന്ദിരത്തിൻെറ മുകളിലത്തെ നിലയിൽ തനിക്കുകൂടി താമസിക്കണമെന്നു് കടക്കച്ചിറ നിർബന്ധപൂർവ്വം ആവശ്യപ്പെട്ടു. അതു സന്യാസാർത്ഥികൾക്കു മാത്രമായി മാററിവച്ചിരിക്കുന്നതിൻെറ വെളിച്ചത്തിൽ താനുംകൂടി സന്യാസവൈദികാർത്ഥിയാകുവാൻ അദ്ദേഹം തയ്യാറായി. പക്ഷേ ആശ്രമാധികാരികൾ അതിനെ അനുകൂലിച്ചില്ല. പോരുക്കരയച്ചനും ചാവറയച്ചനും കടക്കച്ചിറയെ ആശ്രമത്തിൽ ചേർക്കുവാൻ തയ്യാറായി എങ്കിലും കാപ്പിലച്ചൻ തുടങ്ങി മററുപലരും അതിനെ ശക്തമായി എതിർത്തു എന്നാണു് പറയുന്നതു്. അതിനാൽ കടക്കച്ചിറയ്ക്കു് ആശ്രമത്തിൽ ചേരുവാൻ സാധിക്കാതെ പോയി. "ഞാൻ മടലൊടിച്ചു കെട്ടി എങ്കിലും ഒരു കൊവേന്ത ഉണ്ടാക്കും" എന്നുപറഞ്ഞുകൊണ്ടു് അദ്ദേഹം ആശ്രമം വിട്ടുപോയി. അങ്ങനെയാണു് ഉപ്പശനാൽ ആശ്രമം പണിയുന്നതിനുള്ള പരിശ്രമത്തിൽ അദ്ദേഹം ഏർപ്പെട്ടതു്.[13] അദ്ദേഹത്തിൻെറ ജീവിതത്തെ മറെറാരു വഴിയിലേക്കു തിരിച്ചുവിട്ട സംഭവമാണതു്. അന്നു് അദ്ദേഹത്തെ മാന്നാനം ആശ്രമത്തിൽ സ്വീകരിക്കുവാൻ തയ്യാറായിരുന്നുവെങ്കിൽ ഒരുപക്ഷേ പിന്നീടുണ്ടായ സംഭവവികാസങ്ങളൊന്നും രൂപംകൊള്ളുകയില്ലായിരുന്നിരിക്കാം. മറിച്ചു അന്നുമുതൽ തന്നെ മാന്നാനം ആശ്രമം സ്വയംഭരണപ്രക്ഷോഭണത്തിൻെറ കേന്ദ്രമായി മാറി എന്നുവരാവുന്നതാണു്. ഏതായാലും കടക്കച്ചിറ എന്ന വിപ്ലവകാരി രൂപംകൊണ്ടതു് മാന്നാനം ആശ്രമത്തിലും സെമിനാരിയിലും വച്ചായിരുന്നു. ആശ്രമജീവിതത്തിൽ അദ്ദേഹം ദർശിച്ച അപാകതകളും യൂറോപ്യൻ മേധാവിത്വം അന്നു് ആശ്രമത്തെ തങ്ങളുടെ ലക്ഷ്യത്തിനായി ഉപയോഗപ്പെടുത്തുന്ന വിധവും അദ്ദേഹത്തിൻെറ ധാർമ്മികരോഷത്തെ ഉണർത്തി.

അതേപ്പററി കര്യാക്കോസ് ഏലിയാസച്ചൻ നാളാഗമത്തിൽ എഴുതിയിരിക്കുന്നതു് താഴെ ചേർക്കുന്നു.

"അങ്ങനെ ശെമ്മാശന്മാരിൽ കൂടി പാർത്തുവരികയിൽ പൊരുക്കര അച്ചൻെറ നിയോഗപ്രകാരം ഞങ്ങൾ എല്ലാവരുംകൂടി ഒരു മുഴുവൻ ധ്യാനം കഴിച്ചു. ഇതു കഴിഞ്ഞശേഷം ഈ ധ്യാനത്തിൽ കാത്തുവന്ന പട്ടങ്ങൾ മിണ്ടടകം എന്നതു നീതിവിശേഷം ഉള്ളതൊക്കെയും കാത്തു് ഞങ്ങളോടുകൂടെ ഒന്നിച്ചിവിടെ കൊവേന്തക്കാരായി പാപ്പാൻ മനസ്സുള്ളവരു് ആരാനുമുണ്ടെങ്കിൽ അറിയിക്കണം. അവക്കു ഒരെ പട്ടവും സ്ഥലവും ആയിട്ടും മററവരെയിപ്പോൾ എന്നപൊലെയും എന്നു പറഞ്ഞ എല്ലാവരെയും അറിയിച്ചു ആയതിനു് നൽ മനസ്സുകൊടുപ്പാൻ അപെക്ഷിക്കണം എന്നു നിശ്ചയിക്കപ്പെട്ടു ഞാൻ തോപ്പിലച്ചൻ യിങ്ങനെ യാക്കൊവു മുതലായവരൊടു പൊരുക്കരെഅച്ചൻ പറഞ്ഞ അപ്രകാരം ധ്യാനം കൂടിയശെഷം ചുരുങ്ങിയ ഏതാനുംപെരെ സമ്മതമായി കാത്തു പാർത്തുകൊള്ളാമെന്നും പറഞ്ഞു. പക്ഷെ പിന്നെ എല്ലാവരും പൊയി. ആയതിനാൽ അത്രെ അവരുടെ പെരു എഴുതാത്തതു്. ഈ വണ്ണം മനസ്സായി എന്നവരെ ഒക്കെയും നമ്മുടെ വടക്കുള്ള മുറി അപ്പോൾ തട്ടുംയിട്ടമുകളിൽ പാർപ്പാറായതിനാൽ ശെഷം

(13) ഫാ. ഗ്രിഗരി നീരിക്കൽ — സി. എം. ഐ. സഭയുടെ ചരിത്രസംഗ്രഹം.

www.malankaralibrary.com

പെരു താഴെയും ഇവരെ ഞങ്ങളൊടുകൂടി മുകളിലും ആയിട്ടു
പഠിപ്പാനും നടപ്പാനും ഒരെ ക്രമവും വച്ചു രണ്ടാക്കി — അ
പ്പൊൾ ഈ അന്തോനി മുകളിൽ കെറിയാൽ എടവകയിൽ
പൊകുവാനും വീട്ടുകാർ എന്നുള്ളതെല്ലാററിനും പാടില്ലെ
ന്നും കൂടാത്തതും താഴെ പാർക്കുന്നതും മാനക്കേടുപോലെയും
തൊന്നി. ഈ ഗുണദോഷം മററു ശെമ്മാശന്മാരുടെ ചെവി
യിലും കെൾപ്പിച്ചു. ഈ വേർതിരിവു മഹാ സങ്കടം ത
ന്നായി. പള്ളിപ്രത്തിന്റെ പെരുന്നാൾക്കായിട്ടു ഞാനും
പൊരുക്കര അച്ചൻ ധർമ്മത്തിനായിട്ടു പള്ളികളിലും പൊ
കയും പുത്തനായിട്ടുവന്ന തൊപ്പിലച്ചനും യാക്കൊയും
മാത്രം മാന്ദാനത്തിലുണ്ടായിരുന്നുള്ളു. യിതിനാലും താ
ഴത്തക്കാരഎന്നായ ശെമ്മാശന്മാരോടുകൂടെ കുടക്കച്ചിറയും
ഒരുമിച്ച് സങ്കടമുണ്ടാക്കി പൊരുക്കരയച്ചനെയും മല്പാനച്ച
നെയും തമ്മിൽ ഭിന്നിപ്പിനുള്ള പിശാചിന്റെ തന്ത്രമാണ
തെന്നുതൊന്നുവാൻ തക്കവണ്ണമായിരിക്കുന്നു. ഇതായതു അ
ച്ചൻഇല്ലാത്ത സമയത്തിൽ പൊരുക്കര അച്ചന്റെ ഗുണദൊ
ഷത്താൽ ഞങ്ങളെ താഴത്തിറക്കി ഏതാനുംപെരെ മുകളിൽ
കയററി ഇരുത്തി. അവർക്കല്ലാതെ കുർബാനയ്ക്കു ചിററാണ
ചെയ്യുകൂടായെന്നും വെലകളൊക്കെ ഞങ്ങൾ ചെയ്യണമെ
ന്നും കുർബാന കഴിഞ്ഞാൽ കുപ്പായങ്ങളും മററും ഞങ്ങൾ മ
ടക്കി പെട്ടിയിൽവച്ചു മുകളിലെ വാതുക്കൽ ഞങ്ങൾ കൊ
ണ്ടുചെന്നു കൊടുക്കണമെന്നും ഞങ്ങൾക്കു ആ വാതിൽ ക
ടന്നു കയറിക്കൂടാ എന്നും അവരൊടു മിണ്ടിക്കൂടാ എന്നും
ഇങ്ങനെ പലതിൽ പരിഹാസത്തിനുമാത്രം ഞങ്ങൾക്കിട
യായി എന്നും ആയതിനാൽ ഒന്നുകിൽ ഞങ്ങളെയിവിടെ
പള്ളിപ്രത്തുതന്നെ പാർപ്പിച്ചുകൊള്ളണം അല്ലെങ്കിൽ മുൻ
പിൽ കഴിഞ്ഞതിൻവണ്ണം ഒന്നായിട്ടുതന്നെ നടത്തിച്ചു തരു
മാറാകണമെന്നും ഇങ്ങനെ മഹാ സങ്കടമായിട്ടുള്ള ഒരു കുറി
ന്യൂറിയാനിയിൽ ഇയാളുടെ വാചകത്തിൽ ഉണ്ടാക്കിക്കൊടു
ത്ത ചുമട്ടുകാരെപ്പൊലെയുള്ള മററു ശെമ്മാശന്മാരുടെ പക്കൽ
കൊടുത്ത ഇയാൾ ഏതും സംബന്ധിച്ചിട്ടില്ലാത്തവനെ പെരു
നാൾക്കൂടുവാനായിട്ടആയി ഏതാനും ശെമ്മാശന്മാരോടുകൂടി
വള്ളവുമുണ്ടാക്കി പള്ളിപ്രത്തുവന്നു പെരുന്നാളിൽ ഇടയി

ലൊ ഞാൻ അറിയാതെ സങ്കടം അച്ചന്റെ പക്കൽ
കൊടുത്തു.

പെരുന്നാൾകഴിഞ്ഞു ഞാൻ പൊരുവാനായിട്ട് അച്ച
ന്റെ പക്കൽ ചെന്നപ്പോൾ ഈ സങ്കടം കാണിച്ചു കാതലാ
യിട്ടു കൈക്കൊണ്ടിട്ടില്ലാത്തതിൻവണ്ണം അവിടെ പാർപ്പാൻ
മനസ്സില്ലാത്തവർ ഒക്കെയിവിടെ പാർത്തുകൊള്ളട്ടെ സങ്കടം
ഇയാൾ തീർത്തുതരുമെന്നും അവരോടു പറഞ്ഞു എങ്കിലും
ശെമ്മാശന്മാരെ സങ്കടപ്പെടുത്തിയെന്നും ആയതു ശരിയാ
യില്ലാ എന്നും ഭാവംപൊലെ എനിക്കു തൊന്നിയതിനാൽ
അങ്ങനെ എന്നും ഒരു വെർതിരിവുചെയ്യാതെ എല്ലാവർക്കും
കൊള്ളാമെന്നു തൊന്നിയതിനാൽ അങ്ങനെ ചെയ്തു ഇനി
മുൻപിലെപോലെ ഒന്നിച്ചു നടക്കട്ടെ എന്നും ഞാൻ പറ
ഞ്ഞു. എന്നാൽ അങ്ങനെയിങ്ങനെ എന്നും ഒന്നും പറയാ
തെ സാരമില്ലാത്തകാര്യം എന്നപോലെ അടക്കി മററു കാ
ര്യങ്ങൾ ഒക്കെയും പറഞ്ഞ വെഗത്തിൽ ശെഷമുള്ള പണി
കൾ തീർത്തു ആവടക്കുട്ടുള്ള എല്ലാം തടുംയിട്ടു ഓടുമിടു
വാൻ ഇടയായി എംകിൽ കൊള്ളായിരുന്നുവെന്നും ആയ
തിൻവക എന്ത്എന്നും പറഞ്ഞു വെളക്കിനും വകയില്ലാ
ത്തതിനാൽ വെളിച്ചെണ്ണ മുതലായതും വാങ്ങിച്ചുകൊണ്ട്
ഞാൻ പൊരികയും ചെയ്തു. ഞാൻ യിങ്ങു വരുന്നിനു മുൻ
പിൽ കുടക്കച്ചിറ മുതലായവരെ മാന്ദാനത്തിൽ വന്ന ചാ
വറഅച്ചൻ വരുംപൊൾ നിങ്ങളുടെ സ്ഥാനമാനം ഒക്കെയി
റങ്ങും എന്നും പൊരുക്കര അച്ചൻ ചെയ്തത് പള്ളിപ്രത്തച്ച
നെ സംകടപ്പെടുത്തിയെന്നുള്ള അഭിപ്രായംപൊലെ അവ
രുടെ വചനമായി ആയതിനാൽ തൊപ്പിലച്ചൻ മുതൽ
പെർക്കു സങ്കടവുമായി. ഇതിൽ ഒന്നും അറിയാത്ത ഭൊ
ഷനായ ഞാൻ ഒന്നായിട്ടുതന്നെ ആകട്ടെ എന്നുള്ള അഭിപ്രാ
യത്തൊടുകൂടെ ഞാൻ വന്നപ്പോൾ യാക്കോയും തൊപ്പില
ച്ചനും മാത്രം. പൊരുക്കര അച്ചൻ എവിടെയൊ ധർമ്മ
ത്തിനായി ചുററിടക്കുന്നു.

എന്നാൽ ഞാൻ വന്നപ്പോൾ തോപ്പിലച്ചൻ മുതൽ
പേർ സങ്കടമായി പറഞ്ഞു. അതായതു പൊരുക്കര അ
ച്ചൻകൂടി നിശ്ചയിച്ചുവച്ച ക്രമം ഇനി അദ്ദേഹത്തോടു പറ

www.malankaralibrary.com

യാതെ അച്ചൻതന്നെ അഴിക്കുന്നതിനെ അദ്ദേഹത്തിനു സ
ങ്കടം ഉണ്ടാകില്ലയോ എന്നു പറഞ്ഞു കേട്ടപ്പോൾ മാത്രമെ
ഭോഷന്റെ ഹൃദയത്തിൽ ഈ ന്യായം കടന്നുള്ളു. ഉള്ളതു
തന്നെ പൊരുക്കര അച്ചൻ വരട്ടെ അതുവരെ അങ്ങനെ
തന്നെയിരിക്കട്ടെ. താഴത്തുകാർ താഴെതന്നെ പോയി
പഠിപ്പിൻ എന്നു ഞാൻ അവരോടു പറഞ്ഞു ഇതിൽ ക
ടക്കച്ചിറയ്ക്കത്രെ അധിക സങ്കടം. ഞാനും കൂടെക്കൂടി നി
ശ്ചയിച്ചപ്പോഴും ഞാൻ പറഞ്ഞു. താഴത്തു് ഇറക്കിയെങ്കി
ലും പൊരുക്കര അച്ചൻ അത്രെയിതു ചെയ്യിക്കുന്ന എന്നും
അവരുടെയും പ്രത്യേകം അന്തോനി ശെമ്മാശനും ഇങ്ങനെ
കുറെ താമസിച്ചു പൊരുക്കര അച്ചൻ വന്നാറെ അപ്രകാരം
നടന്നുപോയതിനാൽ അങ്ങനെ നടന്നു. ഇതിനാലെ ഏ
താനും പേരു പള്ളിപ്രത്തിനു് പൊയി എന്നു തോന്നുന്നു.
പക്ഷെ ആ അവസ്ഥയിൽ രണ്ടിടത്തും അച്ചൻ തന്നെ പഠി
പ്പിക്കയും രണ്ടിടത്തും പാൎക്കുകയും ചെയ്യുന്നതിനാൽ അ
പ്രകാരംതന്നെ ശമ്മാശന്മാരും എവിടെ പാൎത്താലും അ
ച്ചനു് മനസുഖമില്ല. എങ്കിലും അന്തൊനി ശെമ്മാശനു്
മാനകെടായിതോന്നി. മുകളിൽ കെറണം എന്നും കൊവെ
ന്തക്കാരനായിക്കൊള്ളാമെന്നും നിശ്ചയിച്ചു. എന്നെക്കൂടെ
കൊവെന്തയിൽ ചെൎക്കണം എന്നു രപാരുക്കര അച്ചനായി
ട്ടു ഒരു അപെക്ഷയെഴുതി. എന്നാൽ ആ അപേക്ഷ കണ്ടാ
റെ എന്തൊ യിയാളെ നമുക്ക വെണ്ടാ എന്നത്രെ പൊരുക്ക
രഅച്ചനു തൊന്നിയതു് എങ്കിലും യിപ്പോൾ ഇതിനുത്തരിക്കു
ന്നില്ല വിജാരിച്ചിട്ടു ഉത്തരം തരാം എന്നും എങ്കിലും അ
യാളെ കൈക്കൊള്ളുന്നില്ലന്നത്രെ അയാൾക്കുതന്നെ തൊന്നി.
വീണ്ടും കുറെനാൾ അവിടെ താമസിച്ചു പാലക്കു പൊയി
വരട്ടെ എന്നുപറഞ്ഞു പൊയി. തന്നാൽ പൊകുമ്പോൾ
ഇവർ എന്നെ കൈക്കൊണ്ടില്ലല്ലോ നൊക്കിക്കൊൾവിൻ
ഞാൻ മടലൊടിച്ചു വച്ചുകെട്ടി എങ്കിലും ഞാൻ ഒരു കൊ
വെന്ത ഉണ്ടാക്കി പാൎക്കുകയും ചെയ്യും എന്നും ചിലരോടു പ
റഞ്ഞു കൊണ്ടുപോവുകയും ചെയ്തു'' 14

പേജ് 34, 35, 36, 37

(14) നാളാഗമങ്ങൾ ഒന്നാം വാകം ബി. എം. ഐ. പ്ര
സാധക കമ്മററി

## അരുവിത്തുറ പള്ളി വികാരി

മാന്നാനം ആശ്രമത്തിൽനിന്നു ശെമ്മാശനെന്നനില
യിൽ പിരിഞ്ഞുപോയ കടക്കച്ചിറ കട്ടക്കയത്തു മല്പാന്റെ
കൂടെയാണു് പിന്നീടു് തന്റെ പഠനം പൂൎത്തിയാക്കിയതു്.
അപ്പോഴേക്കും വരാപ്പുഴ സിംഹാസനത്തിൽ ഫ്രാൻസീസ്
സേവ്യർ മെത്രാപ്പോലീത്താ നിര്യാതനായി. അദ്ദേഹ
ത്തിന്റെ ചരമം 1844ലാണു് നടന്നതു് പകരം സഹായ
മെത്രനായിരുന്ന (15) ലൂദ്ദേവിക്കൂസ് മെത്രാപ്പോലീത്തയാ
യി ചാർജ്ജെടുത്തു. ഈ ലൂദ്ദേവിക്കൂസ് ആദ്യാവസാനം
കടക്കച്ചിറയോടു് അനുഭാവപൂൎവ്വമാണു് പെരുമാറിയിട്ടു
ള്ളതു് എന്നു കാണാവുന്നതാണു്. പക്ഷെ അദ്ദേഹത്തിന്റെ
ഭരണം വെറും ഒൻപതുവർഷം മാത്രമാണുണ്ടായിരുന്നതു്.
അദ്ദേഹം ഭരണം കൂടുതൽകാലം നടത്തിയിരുന്നെങ്കിൽ സി.
എം. ഐ സഭയെപ്പോലെ മറെറാരു ആശ്രമം കൂടി കേരള
ത്തിൽ ഇന്നുണ്ടാവുമായിരുന്നു. എന്നാൽ അദ്ദേഹം അന്നി
വിടെ നടന്നുകൊണ്ടിരുന്ന അനീതികളെയും അക്രമങ്ങളെ
യും കണ്ടുമടുത്തു് തന്റെ സഹായമെത്രാനെ ഭരണമേല്പി
ച്ചിട്ടു് റോമിനു് പോകുകയാണുണ്ടായതു് എന്നു പറയപ്പെടു
ന്നു. 1853–ൽ റോമിൽ പോയ അദ്ദേഹം ഇരുപതുവർഷം
കൂടി ജീവിച്ചു. എങ്കിലും ഇവിടെ തിരികെ വന്നു ഇവിട
ത്തെ മെത്രാപ്പോലീത്താ സ്ഥാനമേറെറടുക്കണമെന്നു് ആഗ്ര
ഹിച്ചില്ല.

കട്ടക്കയത്തു് മല്പാന്റെകൂടെ വൈദികപഠനം പൂൎത്തിയാ
ക്കിയ കടക്കച്ചിറ ശെമ്മാശനു വൈദികപട്ടം കൊടുത്തതു്
ഇതേ ലൂദ്ദേവിക്കൂസാണു്. അതു് എന്നാണു എന്നു് വ്യക്ത
മായിട്ടില്ല. 1844നുശേഷം 53–നു മുമ്പായിരുന്നു എന്നു് ഊഹി
ക്കാം. വൈദികപട്ടം ലഭിച്ചതിനു്ശേഷം അരുവിത്തുറ പ
ള്ളിവികാരിയായിട്ടാണു് ആദ്യം കടക്കച്ചിറ നിയമിതനാ
കുന്നതു്. അതിനുശേഷമാണു് പ്ലാശനാൽ ആശ്രമം സ്ഥാ
പിക്കാനുള്ള അനുവാദം ലഭ്യമാകുന്നതു്. അതും ലൂദ്ദേവി
ക്കൂസ് തന്നെയാണു് നൽകിയതു്. "...എന്നാൽ അയ
തിന്നു സംഗതിയായ അരുവിത്തുറ പള്ളിയിൽ ഈ ആളി
നെ വികാരി ആയതിനാൽ അവിടെ പാൎത്തുകൊണ്ടു് ഇ

(15) നാളാഗമങ്ങൾ സി എം. ഐ. പ്രസാധക കമ്മിററി
പേജ് 47

www.malankaralibrary.com

തിന്‌ വേലചെയ്തു…"(16) അരുവിത്തുറയിൽ അദ്ദേഹം എത്രനാളം വികാരിസ്ഥാനം വഹിച്ചു എന്നറിഞ്ഞുകൂടാ. പുതുതായി പട്ടമേററവൈദീകന്‌ ആശ്രമം സ്ഥാപിക്കാനുള്ള അനുവാദം കൊടുക്കുക പ്രായോഗികമല്ലാത്തതിനാൽ ഏതാണ്ട്‌ നാലഞ്ചു വർഷക്കാലമെങ്കിലും അദ്ദേഹം അരുവിത്തുറയിൽ വികാരിസ്ഥാനം വഹിച്ചു എന്നു കരുതാം. അങ്ങനെ എങ്കിൽ 1846-ൽ അദ്ദേഹം വൈദികപട്ടം സ്വീകരിച്ചു എന്ന്‌ ഏതാണ്ട അനുമാനിക്കാം.

കേരളസഭയിലെ ഒരു വൈദികനെ അന്യഇടവകയിൽ അന്ന്‌ വികാരിയായി നിയമിക്കുന്ന പാരമ്പര്യമുണ്ടായിരുന്നില്ല. എന്നാൽ പാലാ ഇടവകക്കാരനായ കടക്കച്ചിറ അന്തോണിക്കത്തനാരെ അരുവിത്തുറ പള്ളിവികാരിയായി ലൂദ്ദേവിക്കൂസ്‌ മെത്രാപ്പോലീത്താ നിയമിക്കുന്നുണ്ട്‌. അതും യൂറോപ്യൻ ലത്തീൻ സമുദായത്തിൽനിന്നു കേരളത്തിലേയ്ക്കു ഇറക്കുമതി ചെയ്ത ഒരുരീതിയാണ്‌.

കേരളത്തിലെ പള്ളികൾക്കു വികാരിമാർ എന്നുമുതലാണുണ്ടായത്‌? നമ്മുടെ ആദ്യകാലവൈദികർ വികാരിമാരായിരുന്നില്ല. വികാരിയെന്ന പദംകൊണ്ടുദ്ദേശിക്കുന്നതെന്താണ്‌? മെത്രാന്റെ പ്രതിപുരുഷനായി ഇടവകയിൽ വന്നു താമസിച്ചു പള്ളിയുടെയും ജനങ്ങളുടെയുംമേൽ ഭരണം നടത്തുന്ന വൈദികനാണല്ലോ വികാരി. Officialy assisting Bishop in ecclesiastical causes. എന്നാൽ ഇന്നു വികാരിമാർ സഭാകാര്യങ്ങളിൽ മെത്രാനെ സഹായിക്കുന്നതിനെക്കാളേറെ സാമ്പത്തികകാര്യങ്ങളിലാണ്‌ സഹായികളായിത്തീർന്നിരിക്കുന്നത്‌. ഓരോ വികാരിയും ഇടവകയിൽ നിന്നും ശേഖരിച്ചു അരമനയിലേയ്ക്കു നൽകുന്ന പണത്തിന്റെ തോതനുസരിച്ചാണല്ലോ വികാരിയുടെ കഴിവു അളക്കുന്നത്‌. വികാരി ഒരു സുറിയാനി സങ്കല്പമോ കേരളസംവിധാനമോ അല്ല. അതു്‌ തികച്ചും ഒരു യൂറോപ്യൻ ക്രമീകരണമാണ്‌.

(16) ടി പുസ്തകം പേജ്‌ 185

കേരളത്തിലെ ആദ്യകാല വൈദികർ പള്ളിഭരണം നടത്തുന്ന അധികാരികളായിരുന്നില്ല. ഒരു പള്ളിയോട്‌ ബന്ധപ്പെട്ട പ്രദേശങ്ങളിലെ വൈദികരെല്ലാം ആ പള്ളിയോടനുബന്ധിച്ചുതന്നെ താമസിക്കുകയും അവരിൽ പ്രായം ചെന്ന വൈദികൻ പള്ളികർമ്മങ്ങൾക്കു നേതൃത്വം നൽകുകയും ചെയ്തിരുന്നു. അങ്ങനെയുള്ള വൈദികരെ മൂപ്പച്ചന്മാർ എന്നാണ്‌ ഇടക്കാലത്തു്‌ പറഞ്ഞുപോന്നിരുന്നതു്‌. കത്തനാർ എന്നതിന്‌ പകരം അച്ചൻ എന്നപദം വൈദീകരെ സംബോധനചെയ്യുവാൻ ഉപയോഗിച്ചുതുടങ്ങിയതിനു ശേഷമാണ്‌ മൂപ്പച്ചൻ എന്നപദം രൂപംകൊണ്ടതു്‌ എന്ന്‌ വ്യക്തമാണ്‌. അപ്പസ്തോലന്മാരുടെ നടപടിയിൽ കാണുന്ന മൂപ്പന്മാർ എന്നതിന്റെ വികസിത രൂപമാണോ മൂപ്പച്ചൻ എന്നുകൂടി ആലോചിക്കേണ്ടതാണ്‌. മൂപ്പച്ചൻ എന്നപദം ബഹുമാനദ്യോതകമാകയാൽ പ്രസ്തുത ബഹുമാനം നൽകുന്നതിനുവേണ്ടി പിന്നീട്‌ യൂറോപ്യൻ വൈദികരേയും മൂപ്പച്ചൻ എന്ന്‌ വിളിച്ചുപോന്നു. മൂപ്പസ്ഥാനമുണ്ടെങ്കിലും ഇല്ലെങ്കിലും എത്ര മൂപ്പുകുറഞ്ഞതാണെങ്കിലും എല്ലാ യൂറോപ്യൻ വൈദികരും മൂപ്പച്ചന്മാരായി. അന്നത്തെ ഇടവകയിലെ പ്രധാന മൂപ്പച്ചൻ വളർന്നതാണ്‌ ഇന്നത്തെ വികാരി.

ലത്തീൻ ഭരണക്രമം ഇവിടെ സ്ഥാപിതമാകുന്നതിന്‌ മുമ്പ്‌ വൈദികർക്കു പള്ളിയുടെ ആദ്ധ്യാത്മീകേതര കാര്യങ്ങളിൽ പ്രത്യേകമായ യാതൊരവകാശവുമുണ്ടായിരുന്നില്ല. പള്ളിഭരണം നടത്തിയിരുന്നതു്‌ അൽമേനികളും വൈദീകരുമുൾപ്പെട്ട പള്ളിയോഗമായിരുന്നു.

ഒരു പള്ളിയോടു ബന്ധപ്പെട്ട ദേശത്തു്‌ വൈദീകരില്ലാതെവരുന്ന കാലഘട്ടത്തിൽ പുരാതനകാലത്തു്‌ സ്വീകരിച്ചിരുന്ന നടപടി എന്തായിരുന്നു? അടുത്ത പള്ളിയിൽനിന്നും കത്തനാരന്മാരെ താല്കാലികമായോ സ്ഥിരമായോ ദത്തെടുക്കുമായിരിക്കാം. പള്ളിമാറി വൈദികർ കർമ്മങ്ങൾ അനുഷ്ഠിക്കുന്നരീതി എന്നുമുതൽ തുടങ്ങി എന്നതിന്‌ യാതൊരു രേഖയുമില്ല. ഏതായാലും കടക്കച്ചിറ അ

www.malankaralibrary.com

ന്തോനിയച്ചനെ 1846-ൽ അരുവിത്തുറ പള്ളിവികാരിയായി നിയമിക്കുമ്പോൾ അതു് സാധാരണമായിരുന്നു.

## പ്ലാശനാൽ ആശ്രമം

കേരളത്തിലെ രണ്ടാമത്തെ ഏതദ്ദേശീയ സന്യാസാശ്രമവും* സന്യാസ ഭവനവുമാണ് പ്ലാശനാൽ ആശ്രമം. കൂനമ്മാവിൽ അന്നു കെട്ടിടം പണിതെങ്കിലും താമസിക്കുവാൻ സന്യാസികളെ ലഭ്യമാകാതിരുന്നതിനാൽ രണ്ടാമത്തെ സന്യാസഭവനം എന്ന സ്ഥാനവും പ്ലാശനാലിനുതന്നെയാണ്. കടക്കച്ചിറ അന്തോനിക്കത്തനാർ ആരംഭിച്ച ആ സ്ഥാപനം അധികനാൾ നീണ്ടുനില്ക്കുകയുണ്ടായില്ല. വരാപ്പുഴ വികാരി അപ്പസ്തോലിക്കയായിരുന്ന ലൂദ്രേവിക്കൂസാണ് പ്രസ്തുത ആശ്രമം സ്ഥാപിക്കുന്നതിനുള്ള അനുവാദം നൽകിയതു്. "........എന്നാൽ യിങ്ങനെ യിതിന്നു തുടങ്ങി സക്കാർ അനുവാദവും പെ: ബെ: വരാപ്പുഴ വിഗാരി അപ്പൊസ്തൊലിക്കാ ആയിരുന്ന പ്രെ: ളൂദവിക്കൊസ എന്ന മെത്രാപ്പോലീത്തായുടെ കല്പനയും വാങ്ങിച്ചു ........" (17) അതിനാൽ പ്ലാശനാൽ ആശ്രമം സ്ഥാപിതമായതു 1852-നു മുമ്പായിരുന്നു എന്നു വ്യക്തമാണ്. എങ്കിലും, അതിന്റെ സ്ഥാപനവർഷം കൃത്യമായി അറിഞ്ഞുകൂടാ. 1846-ൽ കടക്കച്ചിറ പട്ടം സ്വീകരിച്ചു എന്നും മൂന്നു നാലു വർഷം അരുവിത്തുറപ്പള്ളി വികാരിയായിരുന്നുവെന്നും മുമ്പു നടത്തിയ കണക്കുകൂട്ടലിന്റെ വെളിച്ചത്തിൽ ഒരുപക്ഷേ ഫ്ളാശനാൽ ആശ്രമത്തിന്റെ സ്ഥാപനം 1851-ൽ ആയിരിക്കാം. മാന്നാനം ആശ്രമത്തിന്റെ സ്ഥാപനത്തിനു് ഏതാണ്ടു് 20 വർഷത്തിനുശേഷം കേരളത്തിലെ രണ്ടാമത്തെ ഏതദ്ദേശീയ സന്യാസാശ്രമം സ്ഥാപിതമായി എന്നു് ഊഹിക്കാം.

ഫ്ളാശനാൽ ഏതാനും മുറികൾ ചേർത്തു് ഒരു ആശ്രമത്തിനു് അദ്ദേഹം രൂപം നൽകി. "..........പാലാപള്ളി എടവകക്കാരൻ കടക്കച്ചിറ അന്തൊനിക്കത്തനാരച്ചൻ തലപ്പിലാത്ത ഫ്ളശനാൽ എന്ന സ്ഥലത്തെ ഒരു പെറിയ പള്ളിയും ചില സൂത്രമുറികളും ഉണ്ടാക്കി ഒന്നു രണ്ടു പട്ടക്കാരെയുംകൂട്ടി പത്തു പന്ത്രണ്ടു വാലിഭക്കാരേയും ചേർത്തു്.........."(18) അന്നു് ഒരു പള്ളിക്കോ ആശ്രമത്തിനോ സർക്കാരിൽനിന്നു് അനുവാദം ലഭിക്കുക എന്നതു് വളരെ പ്രയാസമേറിയ ഒന്നായിരുന്നു. അതെല്ലാം കടക്കച്ചിറ സാമർത്ഥ്യത്തോടെ തരണംചെയ്തു. പ്രസ്തുത ആശ്രമം ഏതെങ്കിലും കാരണവശാൽ നിന്നുപോകുകയാണെങ്കിൽ ആശ്രമത്തോടനുബന്ധിച്ചുള്ള ദേവാലയം അരുവിത്തുറയുടെ കരിശുപള്ളിയായി നിലനിറുത്തിക്കൊണ്ടുപോകാമെന്നു് അരുവിത്തുറ പള്ളിക്കാരു് സമ്മതിച്ചു.(19) അവിടത്തെ അന്തേവാസികളുടെ തപചര്യ മാന്നാനം ആശ്രമശ്രേഷ്ഠന്മാരെപ്പോലും അത്ഭുതപ്പെടുത്തിയിട്ടുണ്ടു്. വി. അന്തോനീസിന്റെ ആശ്രമത്തെയാണു് അവർ മാതൃകയായി സ്വീകരിച്ചതു്.

എന്നാൽ, ഫ്ളാശനാൽ ആശ്രമത്തിലെ വൈദികാർത്ഥികളായ അന്തേവാസികളിൽ ചിലർ പഠനം പൂർത്തിയാക്കിയപ്പോൾ പട്ടംകൊടുക്കുവാൻ മെത്രാപ്പോലീത്തായോടു കടക്കച്ചിറ ആവശ്യപ്പെട്ടതു് അദ്ദേഹം നിരസിച്ചു. അതു് 1853 നുശേഷമാണു്. അതിനകം വരാപ്പുഴ മെത്രാപ്പോലീത്താസ്ഥാനത്തുനിന്നും ലൂദ്രേവിക്കൂസ് മാറി പകരം ബർണദിനോസ് അധികാരമേററിരുന്നു. അദ്ദേഹം മെത്രാനാകുന്നതിനു് മുമ്പു മുതൽതന്നെ മുമ്പു സൂചിപ്പിച്ചതുപോലെ മാന്നാനം ആശ്രമവുമായി ബന്ധപ്പെട്ടുപോന്നതിനാൽ ഫ്ളാശനാൽ ആശ്രമത്തോടു മമത കാട്ടിയില്ല. രണ്ടു് ആശ്രമത്തെയും ഒരേ മനോഭാവത്തോടെ വീക്ഷിക്കുവാനുള്ള വിശാലഹൃദയത്വം അദ്ദേഹത്തിനുണ്ടാകാതെ പോയി. ഇന്നു് അദ്ദേഹം അറിയപ്പെടുന്നതുതന്നെ മാന്നാനം ആശ്രമത്തിന്റെ വളർത്തച്ചനായിട്ടാണു്. ഫ്ളാശനാൽ ആശ്രമത്തോടു് അദ്ദേഹം കാണിച്ച ചിററമ്മ നയത്തിന്റെ

(17) ടി പേജ് 92

(18) നാളാഗമങ്ങൾ— സി.എം.ഐ. പ്രസാധക കമ്മററി പേജ് 181.

(19) ടി പുസ്തകം പേജ് 185.



www.malankaralibrary.com

പിന്നിൽ മാന്നാനം ആശ്രമത്തിലെ അന്തേവാസികളുടെ കയ്യുണ്ടായിരുന്നുവോ? മാന്നാനം ആശ്രമവുമായി തെറ്റിപ്പിരിഞ്ഞ ആളാണല്ലോ കുടക്കച്ചിറ. ഏതായാലും മറ്റൊരു ആശ്രമം കേരളത്തിൽ വളരാതിരിക്കാനുള്ള പശ്ചാത്തലം ബർണദീനോസിന്റെ പ്രവർത്തികൾ സൃഷ്ടിച്ചു.

ഇന്നു' കേരളത്തിലെ ചില കത്തോലിക്കാ മെത്രാന്മാരിൽ കാണുന്ന ''എൻപിള്ള നയം'' അന്നുമുണ്ടായിരുന്നു. താൻ മുൻകൈഎടുത്തുതുടങ്ങിയ പ്രസ്ഥാനങ്ങളോടു് പ്രത്യേക വാത്സല്യം കാണിക്കുകയും തന്റെ മുൻഗാമിയോ അയൽരൂപതാദ്ധ്യക്ഷനോ ആരംഭിച്ച സ്ഥാപനങ്ങളോടു് ഒരുതരം ചിററമ്മ നയം പുലർത്തുകയും ചെയ്യുക എന്നതും ഇന്നും കണ്ടുവരുന്ന ഒരു രീതിയാണല്ലോ

നാട്ടുനടപ്പനുസരിച്ചുള്ള ദേശക്കുറിയും പിതൃധനവും കൂടാതെ പട്ടം നല്കുവാൻ നിവർത്തിയില്ല എന്നു അദ്ദേഹം പറഞ്ഞ മറുപടി അന്തോനിയച്ചനും ബർണ്ണദീനോസു മെത്രാപ്പോലീത്തായുമായുള്ള അഭിപ്രായവ്യത്യാസത്തിന്റെ ആരംഭം കുറിച്ചു. തന്റെ ആശ്രമത്തെ വരാപ്പുഴ മെത്രാപ്പോലീത്താ അംഗീകരിക്കുന്നില്ലാ എന്നാണല്ലോ അതു് സൂചിപ്പിക്കുന്നതു്. താൻ പരിശീലനം നൽകിയ വൈദികാർത്ഥികളെ സന്യാസാർത്ഥികളായി അംഗീകരിക്കുവാൻ മെത്രാപ്പോലീത്താ തയ്യാറില്ല. ദേശത്തു പട്ടക്കാരായി മാത്രം അവർക്കു വൈദികപട്ടം കൊടുക്കാം എന്നാണല്ലോ ബർണ്ണാദീനോസിന്റെ മറുപടിയുടെ താല്പര്യം. ദേശത്തു പട്ടക്കാർക്കുള്ളതാണല്ലോ ദേശക്കുറി. ഇടവകക്കുവേണ്ടി ഒരു വൈദീകാർത്ഥിക്കു പട്ടം കൊടുക്കുവാൻ ഇടവകയോഗത്തിന്റെ അനുമതിയാണു് ദേശക്കുറി എന്നു പറയുന്നതു്. ബർണ്ണാദീനോസിനു മുമ്പു് വരാപ്പുഴ മെത്രാപ്പോലീത്തായായിരുന്ന ലൂദേവിക്കൂസ് അനുവാദവും അംഗീകാരവും സാക്ഷിപത്രവും കൊടുത്ത ആശ്രമത്തോടാണു് ബർണാദീനോസ് ഈ നയം സ്വീകരിച്ചതു് എന്നുകൂടി അനുസ്മരിക്കണം.

ഇങ്ങനെ മാന്നാനം ആശ്രമത്തെ വെള്ളവും വളവും കൊടുത്തു വളർത്തിയ അതേ കരങ്ങൾതന്നെ ഫ്ളാശനാൽ ആശ്രമത്തെ തീയിട്ടു നശിപ്പിച്ചു. ഒന്നു വളർന്നതു പാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ പ്രത്യേക വ്യക്തിവൈശിഷ്ട്യത്തിന്റെ ഫലമായിട്ടാണെന്നും മററതു നശിച്ചതു കുടക്കച്ചിറ അന്തോനിയച്ചന്റെ സഭാവിരുദ്ധ നടപടികൾമൂലമാണെന്നും ഇന്നു് തിരിഞ്ഞുനിന്നു പറഞ്ഞാൽ അതിൽ എത്രമാത്രം ചരിത്രസത്യങ്ങൾ ഉണ്ടു് എന്നു് അന്വേഷിക്കേണ്ടതാണു്. മൗറേലിയൂസ് സ്റ്റബിലിനി വികാരി അപ്പസ്തോലിക്കാ ഇരുനൂറുരൂപ കൊടുത്തു പ്രോത്സാഹിപ്പിച്ച പ്രസ്ഥാനത്തെ സഹിഷ്ണയോടെ വീക്ഷിക്കുവാൻ ലൂദേവിക്കൂസ് മെത്രാപ്പോലീത്തായ്ക്കു കഴിഞ്ഞു. ലൂദേവിക്കൂസ് മെത്രാപ്പോലീത്താ അനുവാദവും സാക്ഷിപത്രവും കൊടുത്തു പ്രോത്സാഹിപ്പിച്ചതിനെ അതേസഹിഷ്ണതയോടെ വീക്ഷിക്കുവാൻ ബർണദീനോസ് മെത്രാപ്പോലീത്തായ്ക്കു കഴിഞ്ഞില്ല. കുടക്കച്ചിറ അന്തോണിയച്ചന്റെ സന്യാസാർത്ഥികൾക്കു അന്നു് ബർണദീനോസ് വൈദികപട്ടംകൊടുത്തിരുന്നുവെങ്കിൽ ഇന്നു് കുടക്കച്ചിറ അന്തോണിയച്ചനും കേരളത്തിലെ പ്രബലമായ സന്യാസശ്രമത്തിന്റെ സ്ഥാപകനാകുമായിരുന്നു. ഇന്നു് കുടക്കച്ചിറയുടെ ജൂബിലി ആഘോഷിക്കുവാനും വിശുദ്ധപദവിക്കുവേണ്ടി പരിശ്രമിക്കാനും ആളുകളുമുണ്ടാകുമായിരുന്നു. മാന്നാനം കേരളത്തിലെ തീരപ്രദേശങ്ങളിലും ഫ്ളാശനാൽ മലപ്രദേശങ്ങളിലുമായി പടർന്നു് പന്തലിക്കപ്പെട്ടുമായിരുന്നു. എന്നാൽ മാന്നാനം വളരേണ്ടതു് അന്നു യൂറോപ്യൻ സഭാനേതൃത്വത്തിന്റെ ആവശ്യമായിരുന്നു. അതുപോലെ ഫ്ളാശനാൽ തളരേണ്ടതും. മാന്നാനവും ഫ്ളാശനാലും പ്രതിഫലിപ്പിച്ച ആശയങ്ങൾ വ്യത്യസ്തങ്ങളായിരുന്നു. മാന്നാനം സ്ഥാപനത്തിനു മുൻതൂക്കം കൊടുത്തപ്പോൾ ഫ്ളാശനാൽ ആശയത്തിനാണു് പ്രാധാന്യം നൽകിയതു്. മാന്നാനം സ്ഥാപിതകാരിയായ സഭയെ ഇന്നു പ്രതിഫലിക്കുന്നുവെങ്കിൽ ഫ്ളാശാനാൽ ഉയർത്തിപ്പിടിച്ച ആശയം ഇന്നും അന്തരീക്ഷത്തിൽ തങ്ങിനില്ക്കുന്നുണ്ടു്.

www.malankaralibrary.com

## കുറവിലങ്ങാട്ടുയോഗം.

കടക്കച്ചിറ അന്തോണിയച്ചനെപ്പററി പിന്നെ നാം അറിയുന്നതു് 1854-ൽ കുറവിലങ്ങാട്ടു വച്ചു ചേർന്ന കേരള കത്തോലിക്കരുടെ യോഗത്തിലാണു്. പ്രസ്തുത യോഗത്തിൽ കടക്കച്ചിറ വളരെ പ്രധാനമായ ഒരു ഭാഗം വഹിച്ചു. അങ്കമാലിയിലു, ആലങ്ങാട്ടും മററും ചേർന്ന പള്ളി പ്രതിപുരുഷയോഗം പോലെതന്നെ 1854-ൽ കുറവിലങ്ങാട്ടുകൂടിയ കേരളത്തിലെ സുറിയാനി കത്തോലിക്കരുടെ യോഗവും സമുദായ ചരിത്രത്തിൽ വളരെ പ്രധാനപ്പെട്ടതും ദൂരവ്യാപകങ്ങളായ ഫലങ്ങൾ ഉളവാക്കുന്നതുമാണു്. അതിനു് സമുദായവുമായി ബന്ധമില്ലായിരുന്നുവെന്നും ചില സ്ഥാപിത താല്പര്യക്കാരുടെ മാത്രം യോഗമായിരുന്നുവെന്നും മററുമുള്ള ചില സ്ഥാപിത താല്പര്യക്കാരുടെ പരാമർശനങ്ങൾ ആ കാലഘട്ടത്തിലെ കേരളസഭയുടെ ചരിത്രത്തെ പഠിക്കാത്തതുകൊണ്ടുണ്ടായതായിരിക്കും. (20) പ്രസ്തുത യോഗത്തിൽ എത്ര കത്തോലിക്കർ പങ്കെടുത്തുവെന്നോ അവർ എത്ര പള്ളികളുടെ പ്രതിനിധികളായിരുന്നുവെന്നോ വ്യക്തമായി അറിയുന്നതിനു് ഇന്നു് ഒരു മാർഗ്ഗവുമില്ല. അതു് അറിയാതെ യോഗത്തിന്റെ പ്രാതിനിധ്യസ്വഭാവത്തെപ്പററി എന്തെങ്കിലും പറയുന്നതിൽ അർത്ഥമില്ല. ഇന്നത്തെപ്പോലെയുള്ള യാത്രാസൗകര്യം അന്നില്ലാതിരുന്നതിനാൽ അക്കാലത്തു് കൂടുന്ന എല്ലാ പള്ളിപ്രതിപുരുഷ യോഗങ്ങളും സാങ്കേതികമായ അർത്ഥത്തിൽ കേരളസഭയുടെ പൂർണ്ണമായ പ്രാതിനിധ്യമുള്ളതായിരുന്നില്ല. യോഗസ്ഥലത്തിന്റെ സമീപപ്രദേശങ്ങളിലെ പള്ളിക്കാർ കൂടുതലായും അകലെയുള്ളവർ കുറച്ചും പങ്കെടുക്കും. എന്നാൽ പ്രസ്തുത യോഗം എടുക്കുന്ന തീരുമാനങ്ങൾ അവരുടെ ആശയത്തെ അനുകൂലിക്കുന്ന എല്ലാവരും ചോദ്യംചെയ്യാതെ സ്വീകരിക്കും. ഉദയംപേരൂർ സൂനഹദോസിൽപ്പോലും അന്നു കേരളത്തിലുണ്ടായിരുന്ന എല്ലാ പള്ളിക്കാരും പങ്കെടുത്തിരുന്നില്ല.

(20) ഫാ. ആൻസെലം കർമ്മലകുസുമം മാസിക 1980 ഒക്ടോ. ലക്കം.

കുറവിലങ്ങാട്ടെ യോഗതീരുമാനമനുസരിച്ചു കൊണ്ടുവരപ്പെട്ട മാർ റോക്കോസിനെ ഫാ. ആൻസലം തന്നെ പറയുന്നതുപോലെ കേരളത്തിലെ "വലിയ ഭൂരിപക്ഷം പള്ളികളും സ്വന്തം മെത്രാനായി അംഗീകരിച്ചു" (21) അതിനാൽ കുറവിലങ്ങാട്ടെ യോഗം അന്നു് അവിടെ കൂടിയവരുടേതുമാത്രമായിരുന്നില്ല. സമുദായത്തിലെ അന്നത്തെ ഭൂരിപക്ഷം പള്ളിക്കാരുടെയും വികാരമാണു് പ്രതിഫലിപ്പിച്ചതു് എന്നു വ്യക്തമാണു്. അതുകൊണ്ടുതന്നെ കുറവിലങ്ങാട്ടെ യോഗത്തിനു കേരള സഭാചരിത്രത്തിൽ അതിപ്രധാനമായ ഒരു സ്ഥാനമുണ്ടു്.

മാർ റോക്കോസ് മെത്രാൻ വന്നു തൈക്കാട്ടുശേരിയിൽ ക്യാമ്പു ചെയ്തുകൊണ്ടിരുന്നപ്പോൾ പാവറ കുര്യാക്കോസ് ഏലിയാസച്ചൻ കേരള കത്തോലിക്കാ സമുദായത്തിന്റെ ഒരു യോഗം പള്ളിപ്പുറത്തു് വിളിച്ചുകൂട്ടുകയുണ്ടായി. "വൈദികരും അൽമായരുമായ സുറിയാനി പ്രമുഖരുടെ ഒരു മഹായോഗം തെക്കൻ പള്ളിപ്പുറത്തു ചാവറയച്ചൻ വിളിച്ചുകൂട്ടി" എന്നു ഫാ. ആൻസലംതന്നെ പറയുമ്പോൾ അതു റോക്കോസ് മെത്രാനെ അംഗീകരിക്കാത്ത ന്യൂനപക്ഷത്തിന്റേതായിരുന്നു എന്നു വ്യക്തമാണു്. പ്രസ്തുത ന്യൂനപക്ഷത്തിന്റെ യോഗം മഹായോഗവും കുറവിലങ്ങാട്ടു കൂടിയ ഭൂരിപക്ഷത്തിന്റെ യോഗം ചില സ്ഥാപിതതാല്പര്യക്കാരുടെ യോഗവും എന്നു ചിത്രീകരിക്കുന്ന ചരിത്രവ്യാഖ്യാനം എത്ര വിചിത്രമാണു്. ചരിത്രം സ്ഥാപിതതാല്പര്യത്തിനുവേണ്ടി വളച്ചൊടിക്കുന്നതിന്റെ വ്യക്തമായ ഉദാഹരണമാണതു്.

ആരാണു് കുറവിലങ്ങാട്ടു യോഗം വിളിച്ചു കൂട്ടിയതു്? യോഗം കുറവിലങ്ങാട്ടുകൂടിയതിൽനിന്നു തന്നെ അതുവിളിച്ചുകൂട്ടിയതിൽ കടക്കച്ചിറ അന്തോനിയച്ചനേക്കാൾ പ്രധാനപ്പെട്ട ചുമതലക്കാരായി മററാരോ കൂടി ഉണ്ടായിരുന്നു എന്നു വ്യക്തമാണു്. അരുവിത്തുറയിലും ഫ്ളാശനാലും പാ

(21) ടി ലേഖനം.

www.malankaralibrary.com

ലായിലും യോഗം ചേരാതെ കറവിലങ്ങാട്ട തന്നെ അതു കൂടുവാൻ സംഗതിയായതു് അതാണ് സൂചിപ്പിക്കുന്നതു്. വരാപ്പുഴ മെത്രാപ്പോലീത്തായുടെ അന്നത്തെ മനോഭാവത്തോടു് കടകവിരുദ്ധമായി മാത്രമല്ല കേരളത്തിലെ ക്രൈസ്തവർക്കു സാർവ്വത്രികമായ പ്രതിഷേധമുണ്ടായിരുന്നു എന്നുകൂടി കറവിലങ്ങാട്ടെ യോഗം സൂചിപ്പിക്കുന്നുണ്ടു്. നിധീരിക്കൽ മാണിക്കത്തനാരുടെ പിതാവായ നിധീരിക്കൽ എബ്രാഹാമും മറ്റും പ്രസ്തുത യോഗം വിളിച്ചുകൂട്ടുവാൻ മുൻകൈയെടുത്തവരാണ്. മനഹാ മാർ യോനാ എന്ന ഒരു കൽദായ വൈദികൻ കേരളത്തിൽ ആ ദിവസങ്ങളിൽ സഞ്ചരിച്ചു കൽദായ മെത്രാനുവേണ്ടി പ്രചരണം നടത്തിക്കൊണ്ടിരുന്നു. അദ്ദേഹത്തിന്റെ അന്നത്തെ ആസ്ഥാനം കറവിലങ്ങാട് ആയിരുന്നു. (22) വരാപ്പുഴയുടെ ഭരണത്തിൻകീഴിൽനിന്നു് രക്ഷപ്പെടുവാനായി ബാബേലിനെ സമീപിക്കുവാനുള്ള ആശയം ഒരുപക്ഷെ അദ്ദേഹമാണ് വിതച്ചതു്. "ബാബേലിൽനിന്നു ഒരു മെത്രാനെ വരുത്തുന്നതിനു് ആവശ്യമായ പണം ശേഖരിക്കുകയാണെങ്കിൽ അങ്ങനെ ഒരു മെത്രാനെ വരുത്തുന്ന ചുമതല താൻതന്നെ വഹിക്കാമെന്നു് അദ്ദേഹം ഭരമേറ്റതായി കാണുന്നു." (23) അങ്ങനെയാണ് പള്ളിക്കാരുടെ യോഗം കറവിലങ്ങാട്ട ചേർന്നതു്. മനഹാമാർ യോനായുടെ ആസ്ഥാനം കറവിലങ്ങാട് ആയിരുന്നു എന്നതാണ് യോഗം കറവിലങ്ങാട്ടുതന്നെവച്ചു ചേരുവാനുണ്ടായ കാരണം എന്നു ചിന്തിക്കുന്നതിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല. "[illegible] മനഹ മാർ യോനാ എന്ന ഒരു പട്ടക്കാരൻ പാത്രിയർക്കീസിൻ പക്കൽനിന്നും കല്പനയോ അധികാരം വാങ്ങിക്കാതെയോ ധർമ്മത്തിനായോ പുറപ്പെട്ടു ബാംബെയിൽ വരികയും അപ്പോൾ ഇവിടെ കൽദായ സുറിയാനിക്കാരും പള്ളികളും അധികമുണ്ടെന്നും അവരെ സുറിയാനിക്കാർ കണ്ടാൽ സന്തോഷിച്ചു് അധികം വല്ലതും കിട്ടുമെന്നും നിരൂപിച്ചു കൊച്ചിയിൽ

(22) വി. സി. ജോർജ്ജ് ചാവറ ചരമശതാബ്ദി പേജ് 77
(23) വി. സി. ജോർജ്ജ് നിധീരിക്കൽ മാണിക്കത്തനാർ പേജ് 66

വന്ന ശീശ്മ പാദ്രിയായ നൊറീഞ്ഞു പാദ്രി എന്നയാളുടെ വീട്ടിൽ കയറി കുറെ ദിവസം പാർക്കുകയും ചെയ്തു. ഈ വിവരം അറിഞ്ഞയുടൻ പനംകുഴ കൊച്ചിയിൽച്ചെന്നു ഇയാളെ കൂട്ടിച്ചു കറവിലങ്ങാട്ട കൊണ്ടുവന്നു താമസിപ്പിച്ചു." (24)

വരാപ്പുഴയുടെ അടിമത്വത്തിൽനിന്നു കേരളസഭയെ മോചിപ്പിക്കുവാൻ ബാബേലിൽനിന്നു മെത്രാന്മാർ വരിക എന്നതു കേരളത്തിന്റെ ആവശ്യമായിരുന്നതുപോലെ തന്നെ കേരള സഭയുമായി മുമ്പുണ്ടായിരുന്നതുപോലുള്ള ബന്ധം പുനഃസ്ഥാപിക്കുക എന്നതു് അന്നു ബാബേലിന്റെ ആവശ്യവും കൂടിയായിരുന്നു. ഒരുപക്ഷേ അതിനുവേണ്ടി കൂടി അയക്കപ്പെട്ടതാണ് മനഹ മാർ യോനാ എന്ന വൈദികൻ എന്നു വ്യക്തമാണ്. പേർഷ്യയിൽ മഹമ്മദീയരുടെ ശക്തിവർദ്ധനവിനു ശേഷം അവിടെ ക്രൈസ്തവസഭ നാമമാത്രമായി. ക്രൈസ്തവരുടെ എണ്ണം ചുരുങ്ങി. അവരിൽനിന്നുള്ള ഭോഗംകൊണ്ടുമാത്രം പാത്രിയർക്കീസിനും അദ്ദേഹത്തിന്റെ കീഴിലുള്ള മെത്രാന്മാർക്കും ജീവിക്കുക സാദ്ധ്യമായിരുന്നില്ല. ആ കുറവു പരിഹരിച്ചിരുന്നതു കേരളത്തിൽനിന്നുമുള്ള വീതാശംമായിരുന്നു. ഇവിടെ പോർട്ടുഗീസുകാരുടെ ആധിപത്യം ഉണ്ടായതിനുശേഷം കേരളവും ബാബേലുമായുണ്ടായിരുന്ന ബന്ധം നഷ്ടപ്പെട്ടു. ഇവിടെനിന്നുള്ള വീതാംശവും നിലച്ചു. അതു് പുനഃരാരംഭിക്കുവാൻവേണ്ടി പിന്നീടു പല പരിശ്രമങ്ങളും ബാബേലിന്റെ ഭാഗത്തുനിന്നുണ്ടായി. കേരളത്തിലും റോമിലും അതു സംബന്ധമായ ശ്രമങ്ങളും നടന്നു. അക്കൂട്ടത്തിലൊന്നാണ് മനഹാ മാർയോനായുടെ കേരള സന്ദർശനം.

സ്വന്തം റീത്തിൽപ്പെട്ട ഒരു മെത്രാനെ ലഭിക്കുക എന്നതിൽ കവിഞ്ഞ ഒന്നുകൊണ്ടും കേരളത്തിലെ സുറിയാനി കത്തോലിക്കരുടെ പ്രശ്നത്തിനു ശാശ്വതമായ പരിഹാരം

(24) നാളാഗമങ്ങൾ സി. എം. ഐ. പ്രസാധക കമ്മററി
പേജ് 173-179

www.malankaralibrary.com

കാണുവാൻ കഴിയുന്നതല്ലാ എന്ന പദ്രുവാദോയുടെയും പ്രോപ്പഗന്തായുടെയും നീണ്ട ഭരണത്തിൽനിന്നും ലഭിച്ച അനുഭവങ്ങളുടെ വെളിച്ചത്തിൽ മനസ്സിലാക്കിയതിന്റെ ഫലമായി ഒരു സുറിയാനി മെത്രാനെ ലഭിക്കുന്നതിനുവേണ്ടി ബാബേൽ പാത്രിയർക്കീസിന്റെ പക്കലേക്കു് ഒരു നിവേദക സംഘത്തെ അയക്കണമെന്നു കുറവിലങ്ങാട്ടു സമ്മേളനം ചർച്ചകൾക്കുശേഷം അവസാനം നിശ്ചയിച്ചു. പോർട്ടുഗീസുകാരുടെ ആഗമനത്തിനു് മുമ്പു കേരള സഭയ്ക്കു് മെത്രാന്മാരെ ലഭിച്ചുകൊണ്ടിരുന്നതു് അവിടെനിന്നായിരുന്നുവല്ലോ. സുറിയാനി മെത്രാന്മാർ വന്നാൽ കേരള സഭയുടെ ഭരണം ആർച്ചു് ഡീക്കനിലും യോഗക്കാരിലുമടങ്ങുമല്ലോ. ഫ്ളാശനാലിലെ വൈദികാർത്ഥികൾക്കു പട്ടം കൊടുക്കുവാനും അപ്രകാരം ഒരു മെത്രാൻ ആവശ്യമായിരുന്നു.

അതിനാൽ അന്തോനിയച്ചന്റെ നേതൃത്വത്തിൽ ഒരു നിവേദക സംഘത്തെ പേർഷ്യയിലെ മൂസ്സലിൽ പാത്രിയർക്കീസിനെ കാണുവാനായി കുറവിലങ്ങാട്ടുവച്ചു തെരെഞ്ഞടുത്തു. പേർഷ്യയിലെ മൂസ്സലിൽ പോയി ഒരു മെത്രാനെയുംകൊണ്ടു് തിരിച്ചുവരിക എന്നതു് അന്നത്തെ നിലയ്ക്കു് വളരെയധികം ബുദ്ധിമുട്ടും പണച്ചിലവുമുള്ള ഒരേർപ്പാടായിരുന്നു. മെത്രാന്റെ സകലചെലവുകളും വഹിക്കേണ്ടതു് ഈ നിവേദകസംഘം തന്നെയാണു്. അതിനാൽ അദ്ദേഹം കുറവിലങ്ങാട്ടെ യോഗതീരുമാനം അംഗീകരിക്കുന്ന പള്ളികളിൽനിന്നും ആവശ്യമായ പണം ശേഖരിക്കുവാൻ തീരുമാനിച്ചു. ഫ്ളാശനാൽ ആശ്രമസ്ഥാപനത്തിനു വേണ്ടി നേരത്തെ ലൂദ്രേവിക്കൂസ് മെത്രാനിൽനിന്നും ലഭിച്ച സമ്മതപത്രം ഉപയോഗിച്ചു അന്തോനിയച്ചൻ പള്ളികളിൽ നിന്നും പണം ശേഖരിച്ചു എന്ന ഒരു ആരോപണം ഇക്കാര്യത്തിൽ കേൾക്കുന്നുണ്ടു് [25] പക്ഷെ അതിൽ എത്രമാത്രം സത്യമുണ്ടു് എന്നറിഞ്ഞുകൂടാ. കുടക്കച്ചിറയച്ചനു് അന്നു് കേരള ക്രൈസ്തവരിൽ ഉണ്ടായിരുന്ന സ്വാധീനതയെപ്പറ്റി സ്മരിക്കുമ്പോൾ അങ്ങനെ ഒരു സാക്ഷിപത്രത്തിന്റെ ആവശ്യമുണ്ടായിരുന്നുവോ എന്നു് ആലോചിക്കേണ്ടതാണു്. കുറവിലങ്ങാട്ടു സമ്മേളനത്തിൽ സംബന്ധിച്ച പള്ളിക്കാരിൽനിന്നും പ്രസ്തുത ആശയഗതിയോടു് അനുകൂലമുള്ള പള്ളിക്കാരിൽനിന്നും അന്തോനിയച്ചനു് പണം ശേഖരിക്കുവാൻ ലൂദ്രേവിക്കൂസിന്റെ സാക്ഷ്യം ആവശ്യമില്ല. അവരായിരുന്നു അന്നു കേരളത്തിലെ ബഹുഭൂരിപക്ഷം പള്ളിക്കാരും. ബാബേലിൽപോയി താമസിച്ചു പണം തികയാതെവന്നപ്പോൾ അന്തോനിയച്ചൻ വീണ്ടും കൂടുതൽ പണം ശേഖരിക്കുവാൻ കേരളത്തിൽ വരികയും പണം ശേഖരിക്കുകയും ചെയ്യുന്നുണ്ടു്. അന്നു ലൂദ്രേവിക്കൂസിന്റെ സാക്ഷ്യപത്രം ഉപയോഗിച്ചു എന്ന ആരോപണമില്ല എന്നു മാത്രവുമല്ല അന്നു് അന്തോനിയച്ചനെ വരാപ്പുഴ വികാരി അപ്പസ്തോലിക്കാ മഹറോൻ ചൊല്ലി, സഭയ്ക്കു പുറത്താക്കിയിരുന്നു എന്നു പറയുന്നു. അങ്ങനെ മഹറോനിൽപ്പെട്ടകാലത്തു് കൂടുതൽ പണം ശേഖരിക്കുവാൻ ലൂദ്രേവിക്കൂസിന്റെ സാക്ഷിപത്രം ആവശ്യമില്ലാത്ത ആൾക്കു് അതിനു മുമ്പും അതിന്റെ ആവശ്യമുണ്ടായിരുന്നില്ലാ എന്നു് ഊഹിക്കുവാനാണു് ന്യായം. അന്നു് അന്തോനിയച്ചൻ ശേഖരിച്ച പണം ആണു് അദ്ദേഹത്തിന്റെ മരണശേഷം തൊണ്ടനാട്ടു അന്തോനിയച്ചൻ മാർ റോക്കോസിനെയും കൊണ്ടു കേരളത്തിൽ വരുവാൻ ഉപയോഗിച്ചതു്. എന്നു മാത്രമല്ല വരാപ്പുഴ മെത്രാപ്പോലീത്തായുടെ സാക്ഷ്യത്തിന്മേൽ പണംകൊടുക്കുന്ന ഒരു മനോഭാവമായിരുന്നില്ല അന്നത്തെ ഭൂരിപക്ഷം പള്ളിയോഗങ്ങൾക്കും ഉണ്ടായിരുന്നതു് എന്നു കുറവിലങ്ങാട്ടു സമ്മേളനത്തിൽനിന്നുതന്നെ വ്യക്തമാണു്. അതേപ്പറ്റി ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ എഴുതിയിരിക്കുന്നതു്.... ''ഫ്ളാശനാൽ കൊവെന്തയുടെ അടിസ്ഥാനക്കാരൻ എന്നുള്ള പേരും കൊണ്ടു ചില നിസ്സപ്പെട്ട കർബാന ധർമ്മങ്ങളും മറ്റും പറ്റിയും.. ''[26]

(25) ഫാ. ബർണ്ണാഡ് മാർത്തോമ്മാ ക്രിസ്ത്യാനികൾ രണ്ടാംഭാഗം

(26) നാളാഗമങ്ങൾ സി എം. ഐ. പ്രസാധക കമ്മറ്റി പേജു് 186

www.malankaralibrary.com

ഇല്ലിക്കൽ ദേവസ്യാച്ചനും കമ്പിടിമാമ്പിക്കൽ തോമാച്ചനും ഫ്ളാശനാൽ ആശ്രമത്തിലെ ഏതാനും വൈദി. കാർത്ഥികളും ചേർന്ന നിവേദക സംഘം കടക്കച്ചിറയുടെ നേതൃത്വത്തിൽ ബോംബെയ്ക്കു പുറപ്പെട്ടു. കുറവിലങ്ങാട്ടെ യോഗത്തിനുശേഷം കടക്കച്ചിറയും ദനഹാവർയോനായും തമ്മിൽ പിണങ്ങി എന്നു ചാവറയച്ചൻ പറയുന്നുണ്ട്. ബാബേലിലേയ്ക്കു കൊണ്ടുപോകുവാൻ പള്ളിക്കാർ ഒപ്പിട്ട പരാതി ദനഹായെ ഏല്പിക്കാതിരുന്നതാണ് അതിനു കാരണമെന്നു പറയുന്നു. ഏതായാലും കടക്കച്ചിറയുടെ നേതൃത്വത്തിലുള്ള നിവേദക സംഘം ബാബേലിലേയ്ക്കു പുറപ്പെട്ടപ്പോൾ അക്കൂട്ടത്തിൽ ദനഹാ ഉണ്ടായിരുന്നില്ല. അതിനു മുമ്പുതന്നെ ദനഹാ കേരളത്തിൽനിന്നും സ്ഥലം വിട്ടിരുന്നു.

ബോംബെയിലെ താമസത്തിനിടയിൽ നിവേദകസംഘത്തിലെ ചിലർക്കെല്ലാം രോഗം പിടിപെട്ടു. ശെമ്മാച്ചന്മാരിൽ ചിലർ മരിച്ചു. വൈദീകർ രണ്ടു പേരും തിരികെ പോന്നു. ആ ഘട്ടത്തിൽ തൊണ്ടനാട്ട അന്തോണിയച്ചനെ ആളുവിട്ടു വിളിപ്പിച്ചു. ഈ തൊണ്ടനാട്ട് അന്തോണിയച്ചനാണ് പിന്നീട് ഇളംതോട്ടത്തിൽ മെത്രാൻ അഥവാ മാർ അബ്ദിശോ മെത്രാനായത്. പാലായ്ക്കടുത്തുള്ള കിഴപറയാർ ആയിരുന്ന അദ്ദേഹത്തിന്റെ ജന്മദേശം.

1854-ൽ ബോംബെയിൽ നിന്ന് അവർ കപ്പൽ കയറി ബാഗ്ദാദിൽ എത്തി. അവിടെ അവർക്ക് രണ്ടു വർഷം താമസിക്കേണ്ടിവന്നു. കൊണ്ടുപോയ പണം അതിനകം ചെലവഴിച്ചു തീർന്നുപോയതിനാൽ 1856-ൽ കടക്കച്ചിറ അന്തോണിയച്ചൻ തിരികെ കേരളത്തിൽ വന്നു വ്യാപകമായ രീതിയിൽ ഒരു പണപ്പിരിവുകൂടി നടത്തി ഏതാനും ശെമ്മാച്ചന്മാരെക്കൂടി കൂട്ടി പിറേറ വർഷം വീണ്ടും ബാഗ്ദാദിലേക്കുപോയി. (27) കേരളത്തിലെ സുറിയാനി പള്ളികളുടെ പ്രതിനിധിയായി നിവേദക സംഘത്തെ തെരഞ്ഞെടുത്തിരിക്കുന്നു എന്നു സമ്മതിക്കുന്ന ഒരു സാക്ഷ്യപത്രവും കൂടി അദ്ദേഹം ഇവിടത്തെ പള്ളിക്കാരെക്കൊണ്ട് ഒപ്പിടുവിച്ചു കൊണ്ടു പോയി. അവിടെവച്ച് നിവേദക സംഘത്തിലെ പലർക്കും വീണ്ടും അസുഖം പിടിപെട്ടു. കടക്കച്ചിറയ്ക്കു ബസ്രായിൽ വച്ചുതന്നെ അസുഖം പിടിപെട്ടിരുന്നു എങ്കിലും അതുഭേദമായി വീണ്ടും അദ്ദേഹം ബാഗ്ദാദിലെത്തി (നേതാവുകൂടിയായ കടക്കച്ചിറഅന്തോണിയച്ചനും നിര്യാതനായി.) എന്നാൽ പിന്നെയും നിവേദക സംഘത്തിലെ പലർക്കും അസുഖമുണ്ടായി ചിലരെല്ലാം മരിച്ചു. ( ) നിവേദകസംഘത്തിന്റെ നേതൃത്വം കടക്കച്ചിറയ്ക്കു പകരം തൊണ്ടനാട്ട് അന്തോണിയച്ചൻ ഏറെറടുത്തു.

കടക്കച്ചിറ അന്തോണിയച്ചന്റെ മരണത്തിന്റെ കൃത്യമായ തീയ്തി ഇപ്പോഴും അവ്യക്തമാണ് 1856-ൽ അദ്ദേഹം നിര്യാതനായി എന്നു മാത്രമറിയാം. മരിക്കുമ്പോൾ അദ്ദേഹത്തിന് പ്രായം എന്തായിരുന്നുവെന്നു വ്യക്തമല്ല. പത്തൊൻപതാംനൂററാണ്ടിന്റെആദ്യദശകത്തിലോഅതിനുശേഷമോ മാത്രം ഭൂജാതനായതു് എന്നു് നാം ആദ്യം കണക്കുകൂട്ടിയനിലയ്ക്ക് അദ്ദേഹത്തിന്റെ മരണം അകാലത്തിലായിരിക്കുമെന്നു വ്യക്തമാണ്. നാല്പതു വയസ്സുമാത്രം പ്രായമുണ്ടായിരുന്ന അദ്ദേഹത്തിന്റെ ചുരുങ്ങിയ കാലത്തെ ജീവിതം കൊണ്ട് കേരളസഭയിൽ ഒരു വ്യക്തിമുദ്രപതിപ്പിക്കുവാൻ കഴിഞ്ഞു എങ്കിൽ അദ്ദേഹം ദീർഘകാലം ജീവിച്ചിരുന്നുവെങ്കിൽ അതു കേരളസഭയ്ക്കു തീർച്ചയായും ഒരുനേട്ടമാകുമായിരുന്നു. ഇന്നത്തെ സഭയുടെ ഗതി മറെറാരു പാതയിലൂടെയാകുമായിരുന്നു.

## ഉപസംഹാരം

കേരളസഭയുടെ സ്വയം ഭരണത്തിന് വേണ്ടി ആത്മാഹുതിചെയ്ത ഒരു വൈദികനാണ് കടക്കച്ചിറ അന്തോനിക്കത്തനാർ. കരിയാററി ഔസേഫ് മല്പാന്റെയും പാറേമ്മാക്കൽ തോമ്മാഗോവർണ്ണദോരുടെയും നിധീരിക്കൽ മാണിക്കത്തനാരുടെയും പഴേപറമ്പിൽ ളൂയിസച്ചന്റെയും

(27) വി. സി. ജോർജ്ജ് നിധീരിക്കൽ മാണിക്കത്തനാർ പേജ് 66

www.malankaralibrary.com

ട്ടികയിൽ കടക്കച്ചിറ അന്തോനിക്കത്തനാരെയും പെടുത്താവുന്നതാണ്. ശീശ്മയെന്നു വ്യവഹരിക്കുന്ന മാർറോക്കോസിന്റെ (മാർറോക്കോസോ അദ്ദേഹത്തിന്റെ കേരളസന്ദർശനമോ ശീശ്മയാണോ? ഈ ലേഖകന്റെ മാർ റോക്കോസ് എന്ന ഗ്രന്ഥം കാണുക) കേരളസഭാസന്ദർശനത്തിന്റെ ഉത്ഭവം കടക്കച്ചിറ അന്തോണിയച്ചന്റെ നേതൃത്വത്തിലുള്ള നിവേദനത്തിൽ നിന്നായിരുന്നുവെങ്കിലും മാർറോക്കോസ് കേരളത്തിൽ എത്തിയപ്പോൾ കടക്കച്ചിറയും ഉണ്ടായിരുന്നുവെങ്കിൽ കേരളസഭയുടെ ചരിത്രം മറ്റൊന്നാകുമായിരുന്നു കറിയാറ്റിൽ മല്പാനു സംഭവിച്ച അതേ വിധിവൈപരീത്യം കടക്കച്ചിറയേയും നേരിട്ടു. കേരളസഭയുടെ പാരതന്ത്ര്യം നീണ്ടുപോയി.

കടക്കച്ചിറയുടെ ഏതു പ്രവർത്തനമാണ് സഭാവിരുദ്ധവും അതിനാൽ ശീശ്മയുമാകുന്നതു്? മാന്നാനം ആശ്രമത്തിൽ നിന്നും തെറ്റിപ്പിരിഞ്ഞതോ? കുറവിലങ്ങാട്ടെ യോഗത്തിൽ പങ്കെടുത്തതോ? യോഗതീരുമാനമനുസരിച്ചു പ്രവർത്തിച്ചതോ? ലൂദ്ദേവിക്കൂസ് മെത്രാപ്പോലീത്താ സ്ഥാനത്യാഗം ചെയ്യുന്നതുവരെയുള്ള കടക്കച്ചിറയുടെ എല്ലാപ്രവർത്തനങ്ങളും അദ്ദേഹം അംഗീകരിച്ചിരുന്നു എന്നു പറഞ്ഞാൽ കടക്കച്ചിറ അച്ചന്റെ മേലധികാരിയായ വരാപ്പുഴ മെത്രാന്റെ അംഗീകാരം അവയ്ക്കെല്ലാമുണ്ടായിരുന്നു. ലൂദ്ദേവിക്കൂസിനു് പ്ലാശനാൽ ആശ്രമത്തോടുള്ള മനോഭാവം അദ്ദേഹത്തിന്റെ അനന്തരഗാമിക്കുണ്ടാകാതിരുന്നതിന്റെ ഉത്തരവാദിത്വം കടക്കച്ചിറയ്ക്കാണോ? ലൂദ്ദേവിക്കൂസ് പ്ലാശനാൽ ആശ്രമത്തിനു് അനുവാദം കൊടുത്തതു് അദ്ദേഹം മെത്രാനായിരിക്കുന്ന കാലംവരേയ്ക്കുമാത്രമായിരുന്നില്ല. പ്ലാശനാൽ ആശ്രമത്തിനു് വരാപ്പുഴ മെത്രാപ്പോലീത്താ അനുവാദം കൊടുത്തതിനാൽ അവിടത്തെ സന്യാസ വൈദികാർത്ഥികൾക്കു പട്ടം കൊടുക്കുവാനുള്ള ചുമതലയും വരാപ്പുഴ മെത്രാപ്പോലീത്തായ്ക്കുണ്ടു്. ഇടയ്ക്കു് മെത്രാസനത്തിൽ ഇരിക്കുന്ന ആൾ മാറിയതിന്റെ പേരിൽ ഒരിക്കൽ കൊടുത്ത അനുവാദം അസാധുവാകുന്നില്ല. അല്ലെങ്കിൽ അതിനു് മതിയായ കാരണമുണ്ടായിരിക്കണം. എന്നാൽ അങ്ങനെയുള്ള കാരണങ്ങളൊന്നും കടക്കച്ചിറയുടെ പേരിൽ ആരോപിക്കപ്പെടുന്നില്ല. ഇടവക വൈദികപട്ടം പ്ലാശനാൽ ആശ്രമത്തിലെ ഉ ആർത്ഥികൾക്കു് നൽകാമെന്നു് മെത്രാപ്പോലീത്താ സമ്മതിച്ച നിലയ്ക്കു് അവർ വൈദികപട്ടത്തിനു് അർഹരാണ് എന്നു വ്യക്തമാണ്. മാന്നാനം കൂടാതെ മറ്റൊരു "ആശ്രമം ഉണ്ടാകുന്നതിലുള്ള അമർഷമോ പണം കിട്ടണമെന്നുള്ള താല്പര്യമോ ആണ്. മെത്രാപ്പോലീത്തായെക്കൊണ്ടു അപ്രകാരം തീരുമാനമെടുപ്പിച്ചതു്. കാലാകാലങ്ങളിൽ മെത്രാന്റെ കസേരയിൽ വരുന്ന ആളിന്റെ വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾക്കു വിധേയമായി സ്വന്തം സ്ഥാപനങ്ങളെയും പ്രവർത്തനങ്ങളെയും അനേകം ശെമ്മാശ്ശന്മാരുടെ ഭാവിയെയും ബലികഴിക്കേണ്ടിവന്നതിനെയാണ് കടക്കച്ചിറ എതിർത്തതു്. അതു് സഭാവിരുദ്ധ പ്രവർത്തിയാണോ? അതിന്റെ പേരിൽ അദ്ദേഹത്തെ മഹറോൻ ശിക്ഷയ്ക്കു വിധേയനാക്കിയാൽ ആ മഹറോൻ നീതീകരിക്കപ്പെടുമോ? അദ്ദേഹം ശീശ്മയാണോ?

കേരളത്തിലെ വൈദികരുടെയിടയിൽ കർമ്മലീത്താ സന്യാസികൾ സൃഷ്ടിച്ച ചേരിതിരിവിനെ കടക്കച്ചിറ എതിർത്തുവെങ്കിലും അതു കത്തോലിക്കാ സഭയോടോ സമുദായത്തോടോ ഉള്ള എതിർപ്പായിരുന്നില്ല എന്നു് ലൂദ്ദേവിക്കൂസ് അദ്ദേഹത്തെ അരുവിത്തുറ പള്ളിയുടെ വികാരിയായി നിയമിച്ചതിലും പ്ലാശനാൽ ആശ്രമം സ്ഥാപിക്കുന്നതിനു് അനുവാദം നൽകിയതിലും നിന്നു മനസ്സിലാക്കാവുന്നതാണ്. അദ്ദേഹത്തിന്റെ അനന്തരഗാമി തന്റെ ശിഷ്യക്കു് വൈദികപട്ടം കൊടുക്കുന്നതിനു് വിസമ്മതിച്ചപ്പോൾ അദ്ദേഹം പൊട്ടിത്തെറിച്ചു. അദ്ദേഹത്തിന്റെ ദൃഢപ്രതിജ്ഞയും സ്ഥിരോത്സാഹവും ദീർഘവീക്ഷണശക്തിയും കർമ്മകുശലതയുമെല്ലാം ആ പ്രവർത്തികളിൽ തെളിഞ്ഞു കാണാവുന്നതാണ്. മാന്നാനത്തുനിന്നും പിരിഞ്ഞ ശേഷം അദ്ദേഹം മറ്റൊരു ആശ്രമം സ്ഥാപിക്കുന്നതിൽ വിജയിച്ചു. ബോംബെയിൽ വച്ചു സഹപ്രവർത്തകരിൽ ചിലർ മരിക്കുകയും മറ്റുള്ളവർ പിരിഞ്ഞുപോവുകയും ചെയ്തുവെങ്കിലും അതു് അദ്ദേഹത്തിന്റെ ലക്ഷ്യത്തിലേയ്ക്കുള്ള യാത്രയിൽ വിഘ്ന

www.malankaralibrary.com

ക്കിയില്ല ബാഗ്ദാദിൽ വച്ചു പണം തീർന്നപ്പോൾ 18
–ൽ തിരികെ വന്നു പണം ശേഖരിച്ചതിൽ അദ്ദേഹത്തി
ന്റെ സ്വാധീനത വ്യക്തമായി കാണാവുന്നതാണ്. അ
ത്തെ സുറിയാനി കത്തോലിക്കർക്ക് അദ്ദേഹത്തിന്റെ ആത്മാ
ർത്ഥതയിൽ സംശയമില്ല. അദ്ദേഹം അന്ന് വരാപ്പുഴ മെത്രാ
നാൽ മഹറോൻ ശിക്ഷയ്ക്കു വിധേയനാക്കപ്പെട്ടിരുന്നു എ
കാര്യം കൂടി സ്മരിക്കണം എങ്കിലും അദ്ദേഹത്തിന് സമുദാ
ത്തിലുണ്ടായിരുന്ന സ്വാധീനത നഷ്ടപ്പെട്ടിരുന്നില്ല. അദ്ദേ
ഹം പള്ളിക്കു പുറത്തായിരുന്നില്ല. അതുകൊണ്ടാണ് റോ
ക്കോസ് വന്നപ്പോൾ അദ്ദേഹം കൂടിയുണ്ടായിരുന്നുവെങ്കി
സമുദായത്തിൽ ഭിന്നിപ്പുണ്ടാകാതെ കഴിക്കുവാൻ അദ്ദേഹ
ത്തിന് കഴിയുമായിരുന്നു എന്നു പറഞ്ഞത്. കർമ്മകുശല
ഒരു കത്തോലിക്ക നേതാവിനെയാണ് അദ്ദേഹത്തിന്റെ അ
കാലനിര്യാണത്തിൽ കേരളസഭയ്ക്ക് നഷ്ടപ്പെട്ടത്. "കടക്ക
ച്ചിറ അന്തോണിയച്ചൻ സാമാന്യം പണ്ഡിതനും മഹാസ
ർത്ഥനുമായ ഒരു വൈദികനായിരുന്നു" എന്നാണ് അദ്ദേഹ
ത്തെപ്പററി ഐ. സി. ചാക്കോ പറയുന്നത് (28) "അദ്ദേഹ
ത്തിന്റെ സ്വാഭാവിക ഗുണങ്ങളും വാക്‌സാമർത്ഥ്യവും ബു
ദ്ധിശക്തിയുമറിഞ്ഞിട്ടുള്ളവരെല്ലാം അദ്ദേഹം ഒരു അസാധാ
രണ പുരുഷനായിരുന്നു എന്നു സമ്മതിക്കാതിരിക്കയില്ല
"(29) "ഈ ഒരു സ്വരത്താൽ ഈ കടക്കച്ചിറ ശെമ്മാശും വ
ന്നു കൂടി എന്തിനെങ്കിൽ അതിന്നുകൊള്ളുന്നവൻ ആകുന്നു
നൊയമ്പ് എങ്കിലും നമസ്കാരമെങ്കിലും ചിത്രമെങ്കിലും എ
ത്തെങ്കിലും പാട്ടെങ്കിലും കൊട്ടെങ്കിലും വഴക്കെങ്കിലും വി
സ്താരമെങ്കിലും ശേഷവും ഇങ്ങനെ വന്നു ചേർന്ന് ശിഷ്യപ്പെ
ട്ടു" എന്നാണ് കടക്കച്ചിറയുടെ കഴിവിനെപ്പററി ചാവറ കു
ര്യാക്കോസ് ഏലിയാസച്ചൻ പോലും അഭിപ്രായപ്പെട്ടി
രിക്കുന്നത്(30)

---

(29) മാർളൂയിസ് പഴേപറമ്പിൽ ജീവിതവും കാലവും
പേജ് 104

(28) ഫ. ബർണാദ. –മർത്തോമ്മാക്രിസ്ത്യാനികൾ–പേജ്.267

)30) നാളാഗമങ്ങൾ– സി. എം. ഐ പ്രസാധക കമ്മററി
പേജ്. 43

കടക്കച്ചിറ ഒരു ആശ്രമസ്ഥാപകനായിരുന്നില്ല. ഒരു ആശയ സ്ഥാപകനായിരുന്നു. 1599–ലെ ഉദയംപേരൂർ സൂനഹദോസിന് ശേഷം കേരള സഭയുടെ വളർച്ചയ്ക്കു വിപ്ലവകരമായ ഒരു മാർഗ്ഗനിർദ്ദേശം നൽകിയത് അദ്ദേഹമാണ്. പദ്രുവാദോ ഭരണത്തിൽ ജനങ്ങൾ അതൃപ്തരാകമ്പോൾ പ്രൊപ്പഗന്തായിലേയ്ക്കും പ്രൊപ്പഗന്താ ഭരണം ദുസ്സഹമാകുമ്പോൾ പദ്രുവാദോയിലേക്കും മാറിമാറി നീങ്ങിക്കൊണ്ടിരുന്ന കേരളസഭയ്ക്ക് ഇവരണ്ടും ഒരുപോലെ വർജ്ജ്യമാണെന്ന് ആദ്യമായി പ്രഖ്യാപിച്ച ധീരനേതാവാണ് കടക്കച്ചിറ. കേരളം സ്വന്തം വഴിയിലൂടെ പോകണം. പാശ്ചാത്യമേധാവിത്വത്തിൽനിന്നു രക്ഷപ്പെടുക എന്ന കടക്കച്ചിറയുടെ ആശയമാണ് പിന്നീടു ശക്തമായി നിധീരിയും മാർ ളൂയീസും അവതരിപ്പിച്ചത്. കേരള സഭയുടെ വ്യക്തിത്വത്തിന്റെ ആധുനിക കാലത്തെ ഉപജ്ഞാതാവാണദ്ദേഹം. ഒരു കടക്കച്ചിറ ജനിച്ചില്ലായിരുന്നുവെങ്കിൽ ഇന്നു കേരളസഭ ഏതാനും ലത്തീൻ രൂപതകളുടെ മാത്രം സമാഹാരമാകുമായിരുന്നു. ഇന്നു പൗരസ്ത്യത്തിന്റെ പേരിൽ അഭിമാനംകൊള്ളുന്നവരും അവകാശവാദം പുറപ്പെടുവിക്കുന്നവരും ആക്രോശിക്കുന്നവരും അതിന്റെ എല്ലാം ഉപജ്ഞാതാവായ കടക്കച്ചിറയെ മറക്കുന്നു.

കടക്കച്ചിറയെപ്പററി എഴുതാൻ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ ആരംഭിക്കുന്നതുതന്നെ ഒരു പ്രത്യേക മുഖവുരയോടുകൂടിയാണ്. "ഇങ്ങനെയിരിക്കുമ്പോൾ പാല പള്ളി എടവകക്കാരൻ കടക്കച്ചിറ അന്തോനികത്തനാര എന്ന ഒരു വിശേഷമനുഷ്യൻ ഉണ്ടായിരുന്നു. ഇയാളുടെ സംഗതി ഇവിടെ അല്പമെങ്കിലും അതിന്റെ വില പിടിത്തം അറിയുവാനായിട്ടു എഴുതിയെ മതിയാവൂ ഈ തുടങ്ങിയിരിക്കുന്ന ലാക്കിന്നു പ്രത്യേകം ഇയാൾ കാരണകാരനാകയാൽ ഇവിടെ എന്റെ ഹൃദയവും ഈ തൂവൽ പിടിച്ചിരിക്കുന്ന കൈകളും വിറക്കുന്നു. അതെന്ത്യേ ഞാൻ കെട്ടതും കണ്ടതും മാത്രമേ എഴുതുന്നു എങ്കിലും ഇതിനാൽ ഈ ആളിന് കുറെ മാനക്കേട് ഉണ്ടായിവരും അല്ലെങ്കിൽ കെറുക്കുന്നവരെ ഞാൻ നിരൂപിച്ചു എഴുതുന്നതിനെക്കായിൽ അധിക

www.malankaralibrary.com

ളും തിരിക്കും. എന്നാലും പലർക്കും ആത്മനാശം ഈ
മുഖാന്തിരത്താൽ വന്നിരിക്കുന്നതും ഇപ്പോൾ വരുന്നതും ഇ
നിയും വരുവാൻ ഇടവരുന്നതുമാകയാൽ ആ നാശത്തിനിട
വരായ്‌വാനും റോമ്മാ പള്ളി എന്ന ഈ അനുഗ്രഹമുള്ളതും
പ്രിയമുള്ളതുമായ നമ്മുടെ അമ്മയുടെ സങ്കേതത്തിൽനിന്നു്
അകന്നതും ആയ ഈ വല്യനാശം എന്റെ ജേഷ്ഠാനുജന്മാർ
ക്കായിനി എങ്കിലും വരായ്‌വാൻ ഈ സംഗതി അറിയി
ക്കണം എന്നു മാത്രം എന്റെ അഭിപ്രായം. ആകയാൽ
എന്റെ മാനുഷകെൽപക്കെഷയത്താൽ ഇടത്തോട്ടു് എങ്കിലും
വലത്തോട്ടു് എങ്കിലും ചാഞ്ഞ ഇതിൽനിന്നു കുററം എനി
ക്കു സംഭവിക്കാതിരിക്കുവാൻ എന്നെ കാത്തുകൊള്ളണം
എന്നും കാവൽ മാലാഖയോടു അപേക്ഷിച്ചുകൊണ്ടു ചുരുക്ക
മായി അറിയിക്കുന്നു''.(31)

ചാവറയച്ചന്റെ ഈ മുഖവുര ഏകപക്ഷീയമാണു് എ
ന്നു വ്യക്തമാണല്ലോ. മാന്നാനം സെമ്മിനാരിയിൽനിന്നും
പിരിഞ്ഞുപോയ കടക്കച്ചിറ ശെമ്മാച്ചനു് വൈദികപട്ടവും
അതിനുശേഷം അരുവിത്തുറയിലും ഭരണങ്ങാനത്തിലും വികാ
രിസ്ഥാനവും പ്ളാശനാൽ ആശ്രമത്തിനു് അനുവാദവും
അന്നത്തെ വരാപ്പുഴ മെത്രാൻ ലുദേവിക്കൂസ്‌തന്നെ കൊടു
ത്തു. ചാവറയച്ചൻ ഇവിടെ രാജാവിനെക്കാൾ വലിയ
രാജഭക്തിയാണു് കാണിക്കുന്നതു്. കടക്കച്ചിറയ്ക്കു അന്നു വ
രാപ്പുഴ മെത്രാനോടോ റോമാ മാർപ്പാപ്പയോടോ എതിർപ്പു
ണ്ടായിരുന്നില്ല. ഉണ്ടായിരുന്നുവെങ്കിൽ ഇതു രണ്ടും അം
ഗീകരിക്കാത്ത പുത്തൻകൂറ്റുകാരുമായി ചേരുമായിരുന്നു.
വരാപ്പുഴ മെത്രാനും കടക്കച്ചിറയോടു എതിർപ്പുണ്ടായിരു
ന്നില്ല. ഉണ്ടായിരുന്നുവെങ്കിൽ മുൻപറഞ്ഞതൊന്നും നൽ
കുമായിരുന്നില്ല. അഭിപ്രായ വ്യത്യാസം യഥാർത്ഥത്തിൽ
ചാവറയും കടക്കച്ചിറയും തമ്മിലായിരുന്നു. ചാവറ പി
ന്നീടു വികാരി ജനറാലും പുണ്യശ്ലോകനുമായതിനാലും ക
ടക്കച്ചിറ ലക്ഷ്യം സാധിക്കാതെയും ഉദ്ദേശം രേഖപ്പെടുത്താ
തെയും അകാലചരമം പ്രാപിച്ചതിനാലും ചരിത്രത്തിൽ
തെററുകാരൻ കടക്കച്ചിറയായി. അതാണു് ചരിത്രത്തിലെ
അഴിമതി.

---

(31) ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ ഒന്നാം വാല്യം
പേജ് 183–4

എന്തു വിട്ടുവീഴ്ച ചെയ്തും സ്ഥാപനങ്ങളെ വളർത്തി
എടുക്കുക എന്നതു് ആധുനിക കേരളസഭയുടെ മുഖമുദ്രയായി
മാറിയിട്ടുണ്ടു്. അതുതന്നെയാണു് ഇന്നത്തെ കേരളസഭയു
ടെ പരാജയത്തിന്റെ മുഖ്യകാരണവും. അന്നു കടക്കച്ചിറ
യ്ക്കെതിരായി ചാവറയച്ചൻ ചെയ്തതും അതുതന്നെയാണു് യൂ
റോപ്യൻ മേധാവിത്വത്തിനു് കീഴടങ്ങിക്കൊണ്ടു സ്ഥാപന
ങ്ങളെയും ആശ്രമങ്ങളെയും സംരക്ഷിക്കുവനാണു് അദ്ദേഹം
തയ്യാറായതു്. കേരളസഭ സ്വതന്ത്രമായപ്പോൾ കൂടുതൽ ശ
ക്തമായ അതിന്റെ പ്രത്യാഘാതം ഇന്നു സഭ അനുഭ
വിക്കുകയാണു്.

പത്തൊൻപതാം നൂറ്റാണ്ടിന്റെ പ്രഥമാർദ്ധത്തിൽ കേ
രളസഭയിൽ ഉദിച്ച രണ്ടു താരങ്ങൾ കടക്കച്ചിറ അന്തോനി
ക്കത്തനാരും ചാവറ കുര്യാക്കോസ് ഏലിയാസച്ചനും അ
ങ്ങനെ രണ്ടു ആശയങ്ങളുടെ സംവിധായകരായി. രണ്ടു ആശ
യങ്ങളും ഇന്നു നിലനില്ക്കുന്നു. രണ്ടിന്റെയും താരതമ്യപഠ
നത്തിനു് വായനക്കാരെ ആഹ്വാനം ചെയ്യുന്നു.

www.malankaralibrary.com